**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

www.lfa.kerala.gov.in

# വട്ടംകുളം ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2018-19**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം**

E-mail:dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.10/1836/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തീയതി 18-07-2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വട്ടംകുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വട്ടംകുളം ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് -സംബന്ധിച്ച്.

*********

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വട്ടംകുളം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ എയിംസ് സോഫ്റ്റ്വെയർ മുഖേന ഓൺലൈനായി http://aims.ksad.kerala.gov.in/esubmission ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

പകർപ്പ് :

1) ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

എബികെ

നം.കെ.എസ്.എ.എം.പി.എം.10/1836/2019

തിയ്യതി:18-07-2019

## മലപ്പുറം ജില്ലയിലെ വട്ടംകുളം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

**മലപ്പുറം** ജില്ലയിലെ **വട്ടംകുളം** ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കി. 17-02-2019 മുതൽ 20.06.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിന് മാത്രമേ മറുപടി ലഭിച്ചിട്ടുള്ളൂ. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ആർ.അജിത്ത്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 21-06-2019മുതൽ 2-07-2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.സീനത്ത്.പി.എ., ഓഡിറ്റ് ഓഫീസർ<br>ശ്രീ.അബ്ദുൾ റഷീദ്.എം.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ.റിഷിൽ.പി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ.കെ.ഷജീർ, ഓഡിറ്റർ |

**ബി) നിർവഹണാധികാരികൾ**

**പ്രസിഡന്റ്**

| പേര് | കാലയളവ് | നിലവിലെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം (പിൻ കോഡ് സഹിതം) |
|---|---|---|---|
| ശ്രീമതി.ശ്രീജ | 1/4/2018-31/3/2019 | പ്രസിഡണ്ട്<br>വട്ടംകുളം ഗ്രാമപഞ്ചായത്ത് | പാറക്കൽ, മൂതൂര് പി.ഒ, മലപ്പുറം ജില്ല, 679587 |

**നിർവഹണ ഉദ്യോഗസ്ഥർ**

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ.രവീന്ദ്രൻ.കെ. | 1/4/2018-31/3/2019 |
| അസി.എഞ്ചിനീയർ | ശ്രീ.സന്തോഷ് കുമാർ.എം.കെ | 1/4/2018-31/3/2019 |
| വി.ഇ.ഒ | ശ്രീ.സി.പി അജേഷ് | 1/4/2018-31/3/2019 |
| മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | ഡോ.മിർഫത്ത് ഇബ്രാഹിം | 5/4/2018-30/11/2018 |
| | ഡോ.നീമ വേണുഗോപാൽ | 1/4/2018-04/04/2018<br>1/12/18-31/3/19 |
| വെറ്ററിനറി സർജൻ | ഡോ. വി.കെ.പി മോഹൻ കുമാർ, | 1/4/2018-31.03.2019 |
| കൃഷി ഓഫീസർ | ശ്രീമതി.ഷീബ.ബി.എസ്. | 01.04.2018- 12.08.2018 |
| | ശ്രീമതി.നെഷ്വ.സി.പി. | 13.08.2018- 4.2.2019 |
| | ശ്രീമതി.നീതു തങ്കം | 5/2/2019-31/3/2019 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. കൃഷ്ണജ | 1/4/2018- 31/3/2019 |
| അസി.സെക്രട്ടറി | ശ്രീ.മനോജ്.എം.എസ്. | 1/4/2018-31/3/2019 |
| മെഡിക്കൽ ഓഫീസർ- ഹോമിയോ | ഡോ.റാണി കോമളം.പി | 1/4/2018-31/3/2019 |
| ഹെഡ് മിസ്ട്രസ് | ശ്രീമതി. ബിന്ദുമോൾ | 1/4/2018-31/3/2019 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. കൃഷ്ണകുമാർ.ടി | 1/4/2018-31/5/2018 |
| | ശ്രീമതി.രാധിക.പി.എം. | 1/6/2018-31/3/2019 |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം -1 | ഖണ്ഡിക നം |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം | 1-3 |

| | | |
|---|---|---|
| | നൽകിയതിന്റെ വിവരം | |
| 4 | സാമ്പത്തിക വിശകലനം (റസീറ്റ്സ്&പേമെന്റ്സ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം (ACRപ്രകാരം) | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 |
| | ഭാഗം - 2 | |
| 13 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം-കളക്ഷൻ ചാർജ് പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വച്ചിട്ടില്ല. | 2-1 |
| 14 | നികുതി നിർണ്ണയത്തിലെ അപാകത - പഞ്ചായത്തിന് വരവ് നഷ്ടം | 2-2 |
| 15 | രസീതി മുഖേന പിരിച്ചെടുത്ത തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയില്ല. | 2-3 |
| 16 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-4 |
| 17 | ടെണ്ടർ ഫോമിന്റെ വില പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വച്ചിട്ടില്ല. | 2-5 |
| | ഭാഗം-3 | |
| 18 | ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിച്ചതിലെ അപാകത | 3-1 |
| 19 | ഗ്രാമ പഞ്ചായത്ത് വാഹനം രജിസ്റ്ററുകൾ ഹാജരാക്കിയില്ല | 3-2 |
| 20 | ശുചിത്വ മിഷനിൽ നിന്നും ലഭിച്ച തുക തുടർ പ്രവർത്തനങ്ങൾക്കായി നൽകിയത്- ചെലവ് രേഖകൾ ലഭ്യമാക്കിയില്ല | 3-3 |
| 21 | ദിവസ വേതനം അധികം നൽകിയത് [ | 3-4 |
| 22 | അംഗങ്ങൾക്ക് സിറ്റിംഗ് ഫീസ് നൽകൽ- ചട്ടങ്ങൾ പാലിക്കാത്തത് | 3-5 |
| 23 | തുടർ സാക്ഷരത ഫീസ് -രേഖകൾ ലഭ്യമാക്കിയിട്ടില്ല. | 3-6 |
| 24 | എസ്.സി വിദ്യാർത്ഥികൾക്ക് ഫർണ്ണീച്ചർ -അപാകതകൾ | 3-7 |
| 25 | ആശ്രയ പദ്ധതി-തുക വിനിയോഗിക്കാതെ അവശേഷിക്കുന്നു | 3-8 |
| 26 | ലോമാസ്റ്റ് റിപ്പയർ -മെമ്പർമാരുടെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 3-9 |

| | | |
|---|---|---|
| 27 | കുറ്റിപ്പാല കുടിവെള്ള പദ്ധതി -മോട്ടോർ -പഴയ മോട്ടോർ ലേലം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. | 3-10 |
| 28 | ഷോപ്പിംഗ് കോംപ്ലക്സ് കം ഓഡിറ്റോറിയം നിർമ്മാണം - സർക്കാർ ഉത്തരവിന് വിരുദ്ധമായി പ്രവൃത്തി നടത്തിപ്പ്-ദീർഘ വീക്ഷണമില്ലായ്മ കാരണം കെട്ടിട നിർമ്മാണം നിശ്ചലാവസ്ഥയിൽ | 3-11 |
| 29 | മൂല്യ വർദ്ധിത നികുതി കുറക്കാതെ കൺവീനർമാർക്ക് തുക നൽകി - നഷ്ടം 47719 രൂപ | 3-12 |
| 30 | എരുവപ്രക്കുന്ന് റോഡ് റീടാറിംഗ് - ഓവർഹെഡ് ചാർജ്ജ്,മൂല്യ വർദ്ധിത നികുതി എന്നിവ കുറവ് വരുത്തിയിട്ടില്ല - കൺവീനർക്ക് അധികം നൽകിയത് 25208രൂപ | 3-13 |
| 31 | മരാമത്ത് പ്രവൃത്തികളിലെ സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റുകൾ ദുരുപയോഗം ചെയ്തത് സംബന്ധിച്ച് | 3-14 |
| 32 | ചിറ്റഴിക്കുന്ന് അംഗനവാടി ചുറ്റുമതിൽ നിർമ്മാണം - ടെണ്ടർ കുറവ് സ്വീകരിച്ചില്ല | 3-15 |
| 33 | മരാമത്ത് പ്രവൃത്തി - അവലോകനം | 3-16 |
| 34 | മരുന്ന് ലഭ്യമാക്കിയിട്ടില്ല. | 3-17 |
| | ഭാഗം-- 4 | |
| 35 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 36 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 37 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 38 | വായ്പ/വായ്പ തിരിച്ചടവ്. | 4-4 |
| 39 | സ്ഥിര നിക്ഷേപം | 4-5 |
| 40 | ഓഡിറ്റ് റിക്കവറി | 4-6 |
| 41 | സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 42 | ചാർജ്ജ് സർചാർജ് നടപടികളുടെ വിവരം | 4-8 |
| 43 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 44 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | | |

| | | |
|---|---|---|
| 44 | അനുബന്ധം- ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം 1 |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2018-19വർഷത്തെ പുതുക്കിയ ബജറ്റ് 20/03/2018 തിയതിയിലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യ പത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2018-19 | 31.7.2019 | 13.5.2019 | - | - |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 21.06.2018 മുതൽ 02-07-2019 വരെ 2018-19 വർഷത്തെ ഓഡിററിനൊപ്പം ) | കെ.എസ്.എ.എം.പി.എം.10/1836/2019 തീയതി 18/07/2019 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 36751223 |
| വരവ് | 113223812 |
| ആകെ | 149975035 |
| ചെലവ് | 108097064 |
| നീക്കിയിരിപ്പ് | 41877971 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കിബാക്കി(RP 40 b പ്രകാരം) |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 16416000 | 16416000 | 14365681 | 2050319 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 12236000 | 12236000 | 10498616 | 1737384 |

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് (ടി.എസ്.പി) | 0 | 170000 | 170000 | 0 | 170000 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 19759000 | 19759000 | 17307364 | 2451636 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 3439000 | 3439000 | 2776699 | 662301 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 7620000 | 7620000 | 6948830 | 671170 |
| സാക്ഷരത | 8942 | 0 | 8942 | 0 | 8942 |
| ദുരിദാശ്വാസ നിധി (PDRF) | 23561 | 801 | 24362 | 7152 | 17210 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് (തൊഴിലാളികളുടെ കൂലി) | 0 | 22276789 | 22276789 | 22276789 | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് (അഡ്മിമിനിസ്ട്രേറ്റീവ് ചെലവ്) | 27545 | 539466 | 567011 | 529040 | 37971 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് (സംസ്ഥാനം) | 0 | 61000 | 61000 | 61000 | 0 |
| ഐ സി ഡി എസ് | 1284604 | 631156 | 1915760 | 0 | 1915760 |
| കേന്ദ്രാവിഷ്കൃത പദ്ധതി (TSC) | 318605 | 0 | 318605 | 0 | 318605 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് (ബ്ലോക്ക്) | 1982860 | 5120678 | 7103538 | 4689428 | 2414110 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് (ജില്ലാ പഞ്ചായത്ത്) | 556500 | 3235990 | 4089490 | 3528490 | 561000 |
| ബി ഫണ്ട് | 0 | 26741820 | 26741820 | 26741820 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് (ട്രഷറി ടി.എസ്.ബി) | 16972622 | 15282784 | 32255406 | 13978840 | 18276566 |
| എസ്.എസ്.എ | 512 | 0 | 512 | 0 | 512 |
| SMGB Own Fund | 16,537,764 | 21,777,821 | **38,315,585** | 17,237,356 | 21,078,229 |
| PNB Own Fund | 1,560,321 | 0 | **1,560,321** | 1,560,321 | 0 |
| SBI E Payment | 9,406 | 534,202 | **534,608** | 509,086 | 34,522 |
| SMGB Pension | 85,347 | 0 | **85,347** | 0 | 85,347 |
| SMGB TSC | 318,605 | 0 | **318,605** | 0 | 318,605 |
| PNB SSA | 512 | 0 | **512** | 0 | 512 |
| **PNB Plan** | **8,833** | **0** | **8,833** | **0** | **8,833** |
| ALLAHABAD Bank (KURDFC) | 0 | 2,187,729 | **2,187,729** | 2,187,156 | 573 |
| മറ്റിനം ഫണ്ട് | | | | | |
| Beneficiary Contributions | 1,554,137 | 1,289,271 | 2,843,408 | 1,286,659 | 1,556,749 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| Suchithwa Mission | 1,548,788 | 0 | 1,548,788 | 0 | 1,548,788 |
| Treasury TSB A/c- Vimukthi | 0 | 25,000 | 25,000 | 19,200 | 5,800 |
| Literacy Scheme Grant | 0 | 149,480 | 149,480 | 0 | 149,480 |
| Grant for KERALOLSAVAM | 0 | 20,000 | 20,000 | 0 | 20,000 |
| 320300103 ( TSC-Pre Monsoon) | 0 | 190,000 | 190,000 | 137,000 | 53,000 |
| 320300199 (Buds School) | 0 | 1,250,000 | 1,250,000 | 0 | 1,250,000 |
| തനത് ഫണ്ട് – ട്രഷറി അക്കൗണ്ട് | 16972622 | 15282784 | 32255406 | 13978840 | 18276566 |

# 1-6 പദ്ധതി അവലോകനം.

**ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം**

**2018-19**

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 256 | 151020130 | 186 | 83573140 | 4 | 66 | 72.6 |

പാതിവഴിയിൽ ഉപേക്ഷിച്ച് പാഴ് ചെലവായ പദ്ധതികൾ-ഇല്ല

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 27545 | 539466 | 567011 | 529040 | 37971 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 22276789 | 0 | 22276789 | 0 |

# 1-8 ക്ഷേമപദ്ധതികൾ.

**തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ.**

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 121920 | 131 |
| കർഷകതൊഴിലാളി വേതനം | 3756800 | 290 |
| വിധവാപെൻഷൻ | 15333400 | 1265 |
| വാർദ്ധക്യകാലപെൻഷൻ | 1091800 | 2593 |
| വികലാംഗപെൻഷൻ | 4956700 | 400 |
| വിധവാ വിവാഹ ധനസഹായം | 150000 | 5 |
| 50 വയസ്സിനു മുകളിലുള്ള | 1250000 | 100 |

| | | |
|---|---|---|
| അവിവാഹിത പെൻഷൻ | | |

# 1-9 കാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.06.2019 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി.പരിശോധനയിൽ 124155/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

1.നിർവ്വഹണോദ്യോഗസ്ഥർ TR 7A ഫോമിലുള്ള ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല.
2.വർക്കിങ്ങ് ഗ്രൂപ്പ് മിനിട്സിൽ പ്രോജക്ടുകൾ അംഗീകരിക്കുക എന്നതല്ലാതെ പ്രോജക്ടുകളുടെ നേട്ടങ്ങളും കോട്ടങ്ങളും വിലയിരുത്തുകയോ മോണിറ്ററിങ്ങ് കമ്മിറ്റിയായി പ്രവർത്തിക്കുകയോ ചെയ്യുന്നില്ല.
3.മുൻ വർഷങ്ങളിലെ വാർഷിക കണക്കിലെ അപാകതകൾ ഇനിയും പരിഹരിച്ചിട്ടില്ല.തൻ വർഷവും വാർഷിക കണക്കിൽ അപാകതകൾ ഉണ്ട്. ആയത് പരിഹരിക്കേണ്ടതാണ്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 29/05/2019 | 02/2019-04/2019 | 30/05/2019 |
| എ.ജി ഓഡിറ്റ് | 12/05/2008-24/05/2008 | 1997-98 മുതൽ 2007-08 വരെ | 09/07/2008 |

# 1-12 വാർഷിക കണക്കിലെ അപാകതകൾ

2018-19 വർഷത്തെ വാർഷിക കണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1. തൻവർഷത്തിൽ അക്കൗണ്ടുകളിൽമേൽ ലഭിച്ച പലിശ വരവുകൾ അക്രൂ ചെയ്തത് ഉൾപ്പെടുത്തി വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടില്ല (സാക്ഷരത. TSC,SSA)

2. താഴെ പറയുന്ന അക്കൗണ്ടുകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

| അക്കൗണ്ട് | വാർഷിക കണക്കിലെ നീക്കിയിരിപ്പ് തുക |
|---|---|
| SMGB (സാക്ഷരത) | 8942 |
| PNB (തനത് ഫണ്ട്) | 1560321 |
| SMGB (Pension) | 85347 |
| SMGB (TSC) | 318605 |
| PNB (SSA) | 512 |
| PNB (Plan) | 8833 |

3. സ്റ്റോക്ക് -സ്റ്റോർ തുകകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

4. ഡെപ്പോസിറ്റ് രജിസ്റ്റർ ,മുൻകൂർ രജിസ്റ്റർ, ലോൺ രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല. ഈയിനങ്ങളിലെ തുകകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

5. ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനായി കോസ്റ്റ് ഫോർഡിന് അനുവദിച്ച മുൻകൂർ 30 ലക്ഷം ബാലൻസ് ഷീറ്റിൽ വന്നിട്ടില്ല (B 18).

6. ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനായി കോസ്റ്റ് ഫോർഡിന് അനുവദിച്ച പാർട്ട് ബിൽ തുക 21,87,156 രൂപ ബാലൻസ് ഷീറ്റിലെ Work in Progress ൽ വന്നിട്ടില്ല (B 11a).

7. ബാലൻസ് ഷീറ്റിലെ Schedule B4 & Schedule B17 എന്നിവയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല. (TSC)

8. സാമൂഹ്യ ക്ഷേമ പെൻഷൻ തുകകൾ സേവന സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല.

| പെൻഷൻ | AFS | Sevana Stmt. |
|---|---|---|
| Agr.labour Pension | 3576800 | 3756800 |
| Old Age Pension | 1091800 | 30851700 |
| Disability Pension | 20290100 | 4956700 |

9. Income & Exp. Schedule I-14(d) യിൽ Widow Pension 15333400 രൂപ ഉൾപ്പെട്ടിട്ടില്ല.

10. MNREGS കാഷ് ബുക്ക് പ്രകാരമുള്ള ചെലവ് വർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

Cash book - 2,28,66,829

AFS - 2,11,31,021

11. വസ്തുനികുതി ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. വസ്തു നികുതി സാക്ഷ്യപ്പെടുത്തിയ സംഗ്രഹം ഹാജരാക്കിയിട്ടില്ല.

12.ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ (റോഡുകളുടെ വിവരം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്), വാർഷിക കണക്ക് (B-11 Schedule) ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

13.ദുരിതാശ്വാസ നിധി വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

| വർഷിക കണക്ക് | ബാങ്ക് ബുക്ക് | വ്യത്യാസം |
|---|---|---|
| 17210 | 18061 | 851 |

14. ഓഡിറ്റ് റിക്കവറി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ലഭ്യമാക്കിയ പത്രിക പ്രകാരം ഓഡിറ്റ് റിക്കവറി 7668 രൂപ.

15. മുൻകൂർ നൽകിയ തുകകളുടെ വിവരം പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. code No-460500201,460500204,460500499,460500501 (B-18)

16. കോൺട്രാക്ടേഴ്സ് റീട്ടെൻഷൻ എന്ന ഹെഡിൽ തെറ്റായി തുക ചേർത്തു. മരാമത്ത് പ്രവൃത്തികളിൽ റീട്ടെൻഷൻ പിടിച്ചിട്ടില്ല.

17. ബാങ്ക് റീക്കൺസിലിയേഷൻ പത്രികകൾ പ്രതിമാസം തയ്യാറാക്കി സാക്ഷ്യപ്പെടുത്തി വച്ചിട്ടില്ല.

18.പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

# ഭാഗം -2

# വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം-കളക്ഷൻ ചാർജ് പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വച്ചിട്ടില്ല.

1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ് നിയമം വകുപ്പ് 3(3) പ്രകാരം പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനം ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്. തൻവർഷത്തിൽ 2,22,205 രൂപ നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം അടവാക്കിയിട്ടുണ്ട്. ഇതിന്റെ 1% കളക്ഷൻ ചാർജ് ഈടാക്കിയിട്ടില്ല. ഓഡിറ്റ് അന്വേഷണത്തിന് ഇപ്പോൾ ഈടാക്കുന്നുണ്ടെന്നും ഭാവിയിൽ ശ്രദ്ധിക്കുമെന്നും മറുപടി ലഭ്യമാക്കി. (AUDIT ENQUIRY No.3 /29.6.19)

## 2-2 നികുതി നിർണ്ണയത്തിലെ അപാകത - പഞ്ചായത്തിന് വരവ് നഷ്ടം

2011- ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും, സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങൾ പ്രകാരം വട്ടംകുളം ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി വാണിജ്യ കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി നിരക്ക് താഴെ പറയുന്ന പ്രകാരമാണ് ഭരണസമിതി നിശ്ചയിച്ചിട്ടുള്ളത്.

| | |
|---|---|
| 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 30 രൂപ/ ച.മീ |
| 100 ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 50 രൂപ/ ച.മീ |

ഗ്രാമപഞ്ചായത്തിൽ നിർമ്മാണം പൂർത്തീകരിച്ച് കെട്ടിടനമ്പറിനായി അപേക്ഷിക്കുന്ന 100 ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങൾ വിവിധ മുറികളായി തിരിച്ചതിനാൽ , ഓരോ മുറിയുടെയും തറവിസ്തീർണ്ണം മാത്രം കണക്കാക്കി 100 ച.മീറ്ററിൽ താഴെ തറവിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം എന്ന പരിഗണന നൽകി വസ്തുനികുതി നിർണ്ണയിച്ച് നൽകുകയാണ് ചെയ്യുന്നത്. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| അനുവദിച്ച നം | കെട്ടിട ഉടമയുടെ പേര് | ആകെ വിസ്തീർണ്ണം (ച.മീ.) | ഈടാക്കിയ നിരക്ക് / ച.മീ. | ഈടാക്കേണ്ട നിരക്ക്/ ച.മീ. |
|---|---|---|---|---|
| VII/ 444 J,L,M,N,O | അബ്ദുള്ള കുട്ടി, പുളിയക്കോട് | 126 | 30 | 50 |
| XII/ 510 A,B,C,D,E,F,G,H,I,J,K | ഇബ്രാഹിം മാണിപ്പറമ്പിൽ | 306 | 30 | 50 |
| VII/347 D,E,F,G,H | മുഹമ്മദ് ഫാറൂഖ് , കോട്ടംപറമ്പിൽ | 146.77 | 30 | 50 |
| XIV/ 445 A to G | ഗോപിനാഥൻ, പുതുകുളങ്ങര | 316.1 | 30 | 50 |

| | | | | |
|---|---|---|---|---|
| XVIII/373 A, B | മൊയ്തു പട്ടന്മാരു വളപ്പിൽ | 139 | 30 | 50 |
| XV/222 O to U | പ്രസിഡന്റ്, എം.വി. അലവി. ജമാഅത്ത് കമ്മിറ്റി, വട്ടംകുളം | 122 | 30 | 50 |
| XIII/ 223 B to H | അബൂ ബക്കർ, അമ്പലത്ത് വീട്ടിൽ | 186 | 30 | 50 |
| VIII/ 256 A,B,C,D | രേഖ മേനോൻ പറമ്പിൽ | 225 | 30 | 50 |
| VII/56 A,B,C,D | ഷാജി ചെറിയത്ത് വളപ്പിൽ | 105.14 | 30 | 50 |
| Xiv/781 A to G | ഫാത്തിമ ക്രസന്റ് വില്ല. | 182.42 | 30 | 50 |

വ്യക്തമായ കാരണങ്ങൾ ഒന്നും രേഖപ്പെടുത്താതെ ചട്ടം നിലവിൽ വന്നതിന് ശേഷം മാത്രം നിർമ്മാണം പൂർത്തീകരിച്ച ഇത്തരം കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്ത് നികുതി നിരക്ക് കുറച്ച് വസ്തുനികുതി നിർണ്ണയം നടത്തുന്നത് ചട്ടവിരുദ്ധമാണ്. ഇപ്രകാരം നികുതി നിർണ്ണയിക്കുന്നതിലൂടെ ഗ്രാമപഞ്ചായത്തിന് വലിയ തോതിലുള്ള വരുമാന നഷ്ടമാണ് സംഭവിക്കുന്നത്. അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറി (നം-8/29.6.2019 ) ക്ക് മറുപടി നൽകിയിട്ടില്ല. 100 ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള എല്ലാ കെട്ടിടങ്ങളുടെയും ഫയലുകൾ ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ ഈ ഇനത്തിൽ ഉണ്ടായ നഷ്ടം കൃത്യമായി കണക്കാക്കാൻ സാധിച്ചിട്ടില്ല. പ്രസ്തുത കെട്ടിടങ്ങളുടെ നികുതി പുനർ നിർണ്ണയിച്ച് ഈടാക്കിയതിൽ കുറവുള്ള നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 രസീതി മുഖേന പിരിച്ചെടുത്ത തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയില്ല.

ലൈസൻസ് ഫീ ഇനത്തിൽ രസീതി മുഖേന പിരിച്ചെടുത്ത, താഴെ സൂചിപ്പിക്കുന്ന തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയില്ല.

| ക്രമ നം | രസീതി നം.യതിയ്യതി | പിരിച്ചെടുത്ത തുക | അടവാക്കിയത് | കുറവ് |
|---|---|---|---|---|
| 1 | 53/ 32814/ 19.2.19 | 1360 | 760 | 600 |
| 2 | 54/ 32814/ 19.2.19 | 1360 | 760 | 600 |
| 3 | 55/ 32814/ 19.2.19 | 1410 | 810 | 600 |
| 4 | 76/ 32814/ 19.2.19 | 11072 | 11062 | 10 |
| | **ആകെ** | | | **1810** |

ആയത് അടവാക്കി ഓഡിറ്റിനെ അറിയിക്കാൻ ആവശ്യപ്പെട്ട് സെക്രട്ടറിക്ക് ഓഡിറ്റ് എൻക്വയറി (നം-8/29.6.2019 ) നൽകിയതിന്റെ അടിസ്ഥാനത്തിൽ, അടവാക്കിയതിൽ കുറവുള്ള 1810 രൂപ രസീതി നം-119010102809/2.7.2019 പ്രകാരം അടവാക്കി ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ ദൈനംദിന പണമിടപാടുകൾ കൃത്യമായി മേൽപരിശോധന നടത്താത്തത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. സ്ഥാപനത്തിന്റെ ദൈനംദിന പണമിടപാടുകൾ സെക്രട്ടറിയോ സെക്രട്ടറി ചുമതലപ്പെടുത്തുന്ന മറ്റു ഉദ്യോഗസ്ഥനോ കൃത്യമായി മേൽപരിശോധന നടത്തേണ്ടതാണ്.

## 2-4 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം താഴെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. തൊഴിൽ നികുതി ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കാൻ ആവശ്യപ്പെട്ട് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറി (നം-8/29.6.2019 ) ക്ക് മറുപടി നൽകിയിട്ടില്ല. പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1. | ആശ്വാസ് ക്ലിനിക് | 2018-19 രണ്ടാം |
| 2. | മുളൂർ പോസ്റ്റ് ഓഫീസ് | 2018-19 രണ്ടാം |
| 3. | പോപ്പുലർ വെഹിക്കിൾസ് | 2018-19 രണ്ടാം |
| 4. | അൽഹിന്ദ് ടൂർസ് & ട്രാവൽസ് | 2018-19 രണ്ടാം |
| 5. | ഡോ. രശ്മി ഡെന്റൽ ക്ലിനിക് | 2018-19 രണ്ടാം |

## 2-5 ടെണ്ടർ ഫോമിന്റെ വില പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വച്ചിട്ടില്ല.

താഴെ പറയുന്ന മരാമത്ത് പ്രവൃത്തികൾ ഇ ടെണ്ടറുകൾ വഴിയാണ് സമർപ്പിച്ചിട്ടുള്ളത്. നിലവിൽ ടെണ്ടർ ഫോറത്തിന്റെ വില എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിലാണ് വരവ് വെച്ചത്. പഞ്ചായത്തിന് അർഹമായ ടെണ്ടർ ഫോറത്തിന്റെ വില, എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ നിന്നും പഞ്ചായത്ത് ഫണ്ടിൽ ലഭ്യമാക്കിയിട്ടില്ല.

| പ്രൊജക്റ്റ് നം | ടെണ്ടർ സമർപ്പിച്ചവരുടെ എണ്ണം | ടെണ്ടർ ഫോമിന്റെ വില | ആകെ |
|---|---|---|---|
| 136/19 | 3 | 500 | 1500 |
| 106/19 | 2 | 500 | 2360 |
| 59/19 | 2 | 560 | 1120 |
| 133/19 | 4 | 500 | 2000 |
| 137/19 | 5 | 648 | 3240 |
| 149/19 | 4 | 500 | 2000 |
| 130/19 | 2 | 500 | 1000 |
| 120/19 | 2 | 500 | 1000 |
| 329/19 | 6 | 560 | 3360 |
| 80/19 | 2 | 500 | 1000 |

| | | | |
|---|---|---|---|
| 114/19 | 2 | 500 | 1000 |
| 78/19 | 2 | 500 | 1000 |
| 72/19 | 4 | 500 | 2000 |
| 66/19 | 6 | 500 | 3000 |
| 83/19 | 4 | 500 | 2000 |
| 163/19 | 3 | 1700 | 5100 |
| 144/19 | 2 | 1000 | 2000 |
| 79/19 | 4 | 500 | 2000 |
| 90/19 | 3 | 500 | 1500 |
| 101/19 | 3 | 500 | 1500 |
| 99/19 | 4 | 500 | 2000 |
| 88/19 | 4 | 500 | 2000 |
| 94/19 | 4 | 500 | 2000 |
| 63/19 | 4 | 500 | 2000 |
| 16/19 | 4 | 500 | 2000 |
| 64/19 | 4 | 500 | 2000 |
| 84/19 | 4 | 500 | 2000 |
| 76/19 | 4 | 500 | 2000 |
| 17/19 | 4 | 500 | 2000 |
| 340/19 | 2 | 560 | 1120 |
| 348/19 | 3 | 560 | 1680 |
| 350/19 | 4 | 560 | 2240 |
| 180/19 | 3 | 560 | 1680 |
| 237/19 | 4 | 1562 | 6248 |
| 337/19 | 2 | 1792 | 3584 |
| 349/19 | 3 | 575 | 1725 |
| 339/19 | 6 | 560 | 3360 |
| 328/19 | 3 | 896 | 2688 |
| 287/19 | 2 | 2900 | 5800 |
| Total | | | 87805 |

ഓഡിറ്റ് അന്വേഷണത്തിന് ടെണ്ടർ ഫോമിന്റെ വില എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ നിന്നും പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കി. (AUDIT ENQUIRY No.5 /29.6.19)

## ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിച്ചതിലെ അപാകത

സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണ ഉത്തരവ് ജി.ഒ(പി)നം.7/2016 ഫിൻ തിയ്യതി 20-01-16 പ്രകാരം പുതുക്കിയ നിരക്കിലുള്ള പ്രതിമാസ അലവൻസുകൾക്ക് 1-02-2016 മുതൽക്ക് മാത്രമാണ് അർഹത. ഇതനുസരിച്ച് വീട്ടുവാടക അലവൻസ്,സിറ്റി കോമ്പൻസേറ്ററി അലവൻസ്,പി.സി.എ മുതലായവക്ക് ഫെബ്രുവരി 2016 മുതലാണ് പ്രാബല്യം. ഗ്രാമപഞ്ചായത്തിലെ എഫ്.ടി.എസ് ആയ ശ്രീമതി.രമണി.ടി.കെയുടെ ശമ്പള പരിഷ്കരണ കുടിശ്ശിക കണക്കാക്കിയതിൽ വീട്ടുവാടക അലവൻസ് 1-7-2014 പ്രാബല്യത്തിൽ നൽകിയതായി കാണുന്നു. കുടിശ്ശിക തുകയുടെ പലിശ കണക്കാക്കിയത് പുന:പരിശോധിക്കേണ്ടതും അർഹമായ തുകയ്ക്ക് മാത്രമായി നിജപ്പെടുത്തേണ്ടതുമാണ്.

7/2014 മുതൽ 1/2016 വരെ അർഹമല്ലാത്ത അധികനിരക്കിൽ കണക്കാക്കിയത് വഴിയുള്ള അധിക തുകയുടെ സംഗ്രഹം താഴെ കൊടുക്കുന്നു.

പേര് : രമണി.ടി.കെ

തസ്തിക : എഫ്.ടി.എസ്

വൗച്ചർ 21800465/08-10-18

ചെക്ക് 012928/8.109.18 , 1,29,712 രൂപ.

| | അനുവദിച്ചത് | | | | അർഹമായത് | | | | |
|---|---|---|---|---|---|---|---|---|---|
| മാസം | അടിസ്ഥാന ശമ്പളം | ഡി.എ | HRA | ആകെ | അടിസ്ഥാന ശമ്പളം | ഡി.എ | HRA | ആകെ | അധികം |
| 7/14 | 25200 | 0 | 1000 | 26200 | 25200 | 0 | 250 | 25450 | 750 |
| 8/14 | 25850 | 0 | 1000 | 26850 | 25850 | 0 | 250 | 26100 | 750 |
| 9/14 | 25850 | 0 | 1000 | 26850 | 25850 | 0 | 250 | 26100 | 750 |
| 10/14 | 25850 | 0 | 1000 | 26850 | 25850 | 0 | 250 | 26100 | 750 |
| 11/14 | 25850 | 0 | 1000 | 26850 | 25850 | 0 | 250 | 26100 | 750 |
| 12/14 | 25850 | 0 | 1000 | 26850 | 25850 | 0 | 250 | 26100 | 750 |
| 1/15 | 25850 | 776 | 1000 | 27626 | 25850 | 776 | 250 | 26876 | 750 |
| 2/15 | 25850 | 776 | 1000 | 27626 | 25850 | 776 | 250 | 26876 | 750 |
| 3/15 | 25850 | 776 | 1000 | 27626 | 25850 | 776 | 250 | 26876 | 750 |
| 4/15 | 25850 | 776 | 1000 | 27626 | 25850 | 776 | 250 | 26876 | 750 |
| 5/15 | 25850 | 776 | 1000 | 27626 | 25850 | 776 | 250 | 26876 | 750 |
| 6/15 | 25850 | 776 | 1000 | 27626 | 25850 | 776 | 250 | 26876 | 750 |
| 7/15 | 26500 | 1590 | 1000 | 29090 | 26500 | 1590 | 250 | 28340 | 750 |
| 8/15 | 26500 | 1590 | 1000 | 29090 | 26500 | 1590 | 250 | 28340 | 750 |
| 9/15 | 26500 | 1590 | 1000 | 29090 | 26500 | 1590 | 250 | 28340 | 750 |
| 10/15 | 26500 | 1590 | 1000 | 29090 | 26500 | 1590 | 250 | 28340 | 750 |
| | | | | | | | | | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 11/15 | 26500 | 1590 | 1000 | 29090 | 26500 | 1590 | 250 | 28340 | 750 |
| 12/15 | 26500 | 1590 | 1000 | 29090 | 26500 | 1590 | 250 | 28340 | 750 |
| 1/16 | 26500 | 1590 | 1000 | 29090 | 26500 | 1590 | 250 | 28340 | 750 |
| ആകെ | | | | | | | | | 14250 |

ബന്ധപ്പെട്ട ഫയൽ പരിശോധിച്ച് അർഹത പുനർനിർണ്ണയിക്കേണ്ടതും അധികം അനുവദിച്ചത് ഈടാക്കി അറിയിക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ നൽകിയ 21/02.07.19 നമ്പർ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമായിട്ടില്ല.

# 3-2 ഗ്രാമ പഞ്ചായത്ത് വാഹനം രജിസ്റ്ററുകൾ ഹാജരാക്കിയില്ല

ജി.ഒ (എം.എസ്)170/07 ത.സ്വ.ഭ.വ 30.06.2007 ഉത്തരവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാഹനങ്ങൾ പരിപാലിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

പ്രസ്തുത ഉത്തരവ് പ്രകാരം വാഹനങ്ങളുടെ ശരിയായ ഉപയോഗം,സംരക്ഷണം,ഉപയോഗത്തിന്റെ നിയന്ത്രണം എന്നിവ കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറിയുടെ ചുമതലയായിരിക്കുന്നതാണ്. ഓരോ വാഹനത്തെ സംബന്ധിച്ചും താഴെ പറയുന്ന രജിസ്റ്ററുകളും റെക്കോഡുകളും നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്.

എ. ലോഗ് ബുക്ക്

ബി. ഇന്ധനം ഓർഡർബുക്ക്

സി. റിപ്പയർ രജിസ്റ്റർ

ഡി. സ്റ്റോക്ക് രജിസ്റ്റർ

ഇ. ഫ്യുവൽ രജിസ്റ്റർ

ആറു മാസത്തിലൊരിക്കൽ വാഹനത്തിന്റെ ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തി സർട്ടിഫിക്കറ്റ് ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

കസ്റ്റോഡിയൻ ഓഫീസറുടെയോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെയോ സാന്നിദ്ധ്യത്തിൽ ഫുൾ കപ്പാസിറ്റി ഇന്ധനം നിറക്കേണ്ടതാണ്.

ഡ്രൈവർ വാഹനത്തിന് അടിയന്തിരമായി എന്തെങ്കിലും റിപ്പയറോ അറ്റകുറ്റപണിയോ ആവശ്യമാണെന്ന് കരുതുന്ന പക്ഷം അത് സംബന്ധിച്ച റിപ്പോർട്ട് കസ്റ്റോഡിയൻ ഓഫീസർക്ക് നൽകേണ്ടതും കസ്റ്റോഡിയൻ ഓഫീസർ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഓഡിറ്റ് വർഷത്തിൽ ഗ്രാമപഞ്ചായത്ത് വാഹനത്തിന്റെ ഉപയോഗം സംബന്ധിച്ച സൂക്ഷിക്കേണ്ട യാതൊരു രജിസ്റ്ററുകളും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട നൽകിയ അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. 2018-19 വർഷം ഈയിനത്തിലുള്ള ചെലവുകളുടെ വിവരം താഴെ കൊടുക്കുന്നു

| ക്രമ നമ്പർ | വൗച്ചർ നമ്പർ | തുക | റിമാർക്സ് |
|---|---|---|---|
| 1 | 2180043/18.4.18 | 12244 | ഇന്ധന ചെലവ് |
| 2 | 2180185/27.6.18 | 34110 | ഇന്ധന ചെലവ് |
| | | | |

| | | | |
|---|---|---|---|
| 3 | 2180287/2.8.18 | 7894 | ഇന്ധന ചെലവ് |
| 4 | 2180344/21.8.18 | 4015 | ഇന്ധന ചെലവ് |
| 5 | 2180396/14.9.18 | 9940 | റിപ്പയർ ചെലവ് |
| 6 | 2180418/24.9.18 | 12528 | ഇന്ധന ചെലവ് |
| 7 | 2180489/12.10.18 | 8466 | ഇന്ധന ചെലവ് |
| 8 | 2180661/22.11.18 | 9918 | സ്പെയർ പാർട്സ് ചെലവ് |
| 9 | 2180709/13.1.19 | 12446 | ഇന്ധന ചെലവ് |
| 10 | 2180841/15.1.19 | 11307 | ഇന്ധന ചെലവ് |
| 11 | 2180856/25.1.19 | 9871 | റിപ്പയർ ചെലവ് |
| 12 | 2180913/8.2.19 | 5060 | ഇന്ധന ചെലവ് |
| 13 | 2181138/20.3.19 | 9953 | സർവ്വീസ് ചെലവ് |
| 14 | 2181179/25.3.19 | 7485 | ഇന്ധന ചെലവ് |
| | ആകെ | 155237 | |

രേഖകളുടെയും രജിസ്റ്ററുകളുടെയും തൃപ്തികരമായ മറുപടിയുടെയും അഭാവത്തിൽ വാഹനത്തിനായി നടത്തിയ ചെലവുകൾ 1,55,237 രൂപ തടസ്സം ചെയ്യുന്നു.

## 3-3 ശുചിത്വ മിഷനിൽ നിന്നും ലഭിച്ച തുക തുടർ പ്രവർത്തനങ്ങൾക്കായി നൽകിയത്- ചെലവ് രേഖകൾ ലഭ്യമാക്കിയില്ല

വൗച്ചർ നമ്പർ 21800392/13.9.18 , 1,90,000 രൂപ.

2018-19 വർഷത്തിൽ ജില്ലാ ശുചിത്വ മിഷനിൽ നിന്നും ലഭിച്ച 1,90,000 രൂപ തുടർ പ്രവർത്തനങ്ങൾക്കായി മെഡിക്കൽ ഓഫീസർ ( ആരോഗ്യം) ക്ക് നൽകിയിട്ടുണ്ട്. ചെക്ക് നമ്പർ 2672520/13.9.18. തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാത്തതിനാൽ ചെലവ് തുക തടസ്സം ചെയ്യുന്നു.

## 3-4 ദിവസ വേതനം അധികം നൽകിയത്

വൗച്ചർ 218005/3-4-18 , 21235 രൂപ.

ഗ്രാമ പഞ്ചായത്ത് വാഹനത്തിലെ താൽക്കാലിക ഡ്രൈവറുടെ മാർച്ച് 2018 ലെ വേതനമായി 21235 രൂപ അനുവദിച്ചിട്ടുണ്ട്. ജി.ഒ(പി) 56/2017 ഫിൻ തിയ്യതി 28.4.17 പ്രകാരം പ്രതിദിനം 685 രൂപ നിരക്കിൽ ഒരു മാസത്തേക്ക് പരമാവധി 18900 രൂപ മാത്രമേ അനുവദിക്കാവൂ. അധിക തുക 2335 രൂപ തിരിച്ചടവാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി 11/29.06.19 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-5 അംഗങ്ങൾക്ക് സിറ്റിംഗ് ഫീസ് നൽകൽ- ചട്ടങ്ങൾ പാലിക്കാത്തത്

1995 ലെ കേരള പഞ്ചായത്ത് രാജ് (ജന പ്രതിനിധികൾക്കുള്ള ഓണറേറിയവും ബത്തകളും) ചട്ടങ്ങളിലെ ചട്ടം 6(ii), ജി.ഒ(പി) നം.09/2018/ത.സ്വ.ഭ.വ തിയ്യതി 30.01.2018 എന്നിവ പ്രകാരം ബ്ലോക്ക് പഞ്ചായത്തിലെയും ഗ്രാമ പഞ്ചായത്തിലെയും ഓരോ അംഗത്തിനും ഒരു മാസത്തേക്ക് 1000 രൂപ ( 5 യോഗങ്ങൾക്ക്) എന്ന പരിധിക്ക് വിധേയമായി ഒരു ദിവസത്തേക്ക് 200 രൂപ വീതം അനുവദിക്കാവുന്നതാണ്.

ഗ്രാമ പഞ്ചായത്തിലെ ചെലവു വൗച്ചറുകൾ പരിശോധിച്ചതിൽ അംഗങ്ങൾക്ക് ഒരു ദിവസത്തേക്ക് 200 രൂപ എന്ന പരിധി പാലിക്കാതെ സിറ്റിംഗ് ഫീ നൽകിയതായി കാണുന്നു.

വൗച്ചർ 203/2.7.2018 Rs 7400-- 4 അംഗങ്ങൾക്ക് 14.6.18 ന് രണ്ട് സിറ്റിംഗ് ഫീസ് അനുവദിച്ചിട്ടുണ്ട്.

വൗച്ചർ 788/1.1.2019 Rs 12600-- 18.12.19 ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി,ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയിലെ അംഗങ്ങൾക്ക് 18.12.19 ന് രണ്ട് സിറ്റിംഗ് ഫീസ് അനുവദിച്ചിട്ടുണ്ട്.

വൗച്ചർ 017/4.4.2018 Rs 13600 - 6.3.18 ന് വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾക്ക് രണ്ട് സിറ്റിംഗ് ഫീസ് അനുവദിച്ചിട്ടുണ്ട്.

വൗച്ചർ 74/2.5.2018 Rs 8400-- 23.4.19 ന് വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾക്ക് രണ്ട് സിറ്റിംഗ് ഫീസ് അനുവദിച്ചിട്ടുണ്ട്.

വൗച്ചർ 1030/1.3.2019 Rs 10800-- 5.2.19 ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾക്ക് രണ്ട് സിറ്റിംഗ് ഫീസ് അനുവദിച്ചിട്ടുണ്ട്.

ഇക്കാര്യത്തിൽ മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ 12/29.06.2019-ാം നമ്പർ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ബന്ധപ്പെട്ട ചട്ടങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 3-6 തുടർ സാക്ഷരത ഫീസ് -രേഖകൾ ലഭ്യമാക്കിയിട്ടില്ല.

2018-19 സാമ്പത്തിക വർഷം നമ്പർ 52/19 തുടർ സാക്ഷരത പ്രോജക്ട് പ്രകാരം ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്ലസ് ടു തുല്യതാ കോഴ്സ് ഫീസിനത്തിൽ അഞ്ച് പഠിതാക്കളുടെ അപേക്ഷാ ഫീസ്, രജിസ്ട്രേഷൻ ഫീസ്, പരീക്ഷ ഫീസ് എന്നിവയ്ക്കായി തനത് ഫണ്ടിൽ നിന്നും ഒരാൾക്ക് 1970 രൂപ വീതം 9850 രൂപ (ചെക്ക്നമ്പർ 0137436/27-2-19) സംസ്ഥാന സാക്ഷരതാമിഷൻ ഡയറക്ടറുടെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. മേൽ തുക കൈപ്പറ്റിയതിന്റെ രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയില്ല. ആയതിനാൽ 9850 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. ഇതു സംബന്ധിച്ച് നമ്പർ 9/29-6-19 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. മറുപടി ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

## 3-7 എസ്.സി വിദ്യാർത്ഥികൾക്ക് ഫർണ്ണീച്ചർ -അപാകതകൾ

പ്രോജക്റ്റ് നം.165/19

ബിൽ നം. 16/20.03.19 -143708

നിർവ്വഹണോദ്യോഗസ്ഥൻ -ഹെഡ്മിസ്ട്രസ്,

വകയിരുത്തിയ തുക -200000/-(വികസന ഫണ്ട് ,എസ്.സി.പി. )

മേൽ പ്രോജക്റ്റ് പ്രകാരം 37 സ്റ്റീൽ മേശയും 37 കസേരയും വാങ്ങി വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

അപാകതകൾ

1.ദാറുൽ ഹിദായ ഓർഫനേജ് ഹയർ സെക്കന്ററി സ്കൂളിൽ പഠിക്കുന്ന അമൃത.കെ.പി.എന്ന വിദ്യാർത്ഥിനിയുടെ മേൽവിലാസം കരിമ്പനകുന്നത്ത്,നടുവട്ടം എന്നും,രേഖകൾ പ്രകാരം കൊല്ലത്ത് പറമ്പിൽ ,വട്ടംകുളം എന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

2.ജി.എച്ച്.എസ്.എസ്.എടപ്പാളിൽ പഠിക്കുന്ന മാളവിക.എസ്. ചക്കാണത്ത് പടി എടപ്പാൾ എന്ന വിദ്യാർത്ഥിനിയുടെ പേർ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടതായി കാണുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-8 ആശ്രയ പദ്ധതി-തുക വിനിയോഗിക്കാതെ അവശേഷിക്കുന്നു.

നിർവ്വഹണോദ്യോഗസ്ഥൻ -സെക്രട്ടറി

പ്രോജക്റ്റ് നം.

ആശ്രയ എസ്.സി. -11/19

ആശ്രയ ജനറൽ -3/19

ആശ്രയ ജനറൽ പദ്ധതി പ്രകാരം 750000/-രൂപയും(ബിൽ നം. 04/31.05.18) ആശ്രയ എസ്.സി.(വനിത) പദ്ധതി പ്രകാരം 500000/-രൂപയും (ബിൽ നം. തി. 05/31.05.18) കുടുംബശ്രീക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ജനറൽ പദ്ധതി പ്രകാരം 25000/-രൂപയും,എസ്.സി. പദ്ധതി പ്രകാരം 150000/- രൂപയും മാത്രമാണ് നാളിതു വരെ വിനിയോഗിച്ചിട്ടുള്ളത്. പഞ്ചാബ് നാഷണൽ ബാങ്കിലുണ്ടായിരുന്ന ആശ്രയ ജനറൽ,എസ്.സി എന്നീ പദ്ധതികൾ പ്രകാരം നീക്കിയിരിപ്പുള്ള 2903955 ,3044652.84 എന്നീ അക്കൗണ്ടുകൾ ക്ലോസ്സ് ചെയ്യുകയും 19.03.19 -ൽ കേരള ഗ്രാമീൺ ബാങ്ക് ,എടപ്പാളിൽ 5948608/രൂപ(A/C No. 40225101056556) അഗതി രഹിത കേരളം എന്ന പേരിലുള്ള അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയും ചെയ്തിട്ടുണ്ട് .ആശ്രയ പദ്ധതിയിലുൾപ്പെട്ട ഭവന നിർമ്മാണം ടി പദ്ധതിയിലുൾപ്പെടുത്തി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും നീക്കിയിരിപ്പു തുക ഫലപ്രദമായി വിനിയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-9 ലോമാസ്റ്റ് റിപ്പയർ -മെമ്പർമാരുടെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

പ്രോജക്റ്റ് നം. 243/19

നിർവ്വഹണോദ്യോഗസ്ഥൻ-സെക്രട്ടറി.

ബിൽ നം. തി. തുക -23/22.01.19 -100000/-

,, -28/19.03.19 -100000/-

മേൽ പ്രോജക്റ്റ് പ്രകാരം സോളാർ എൽ.ഇ.ഡി. ലോ മാസ്റ്റ് ലാമ്പ് തെരുവ് വിളക്കുകൾ റിപ്പയർ ചെയ്യുന്നതിന് ടെൻഡർ വിളിച്ചത് പ്രകാരം ഫൗസിയ ഗ്രൂപ്പ് ,കൊണ്ടോട്ടി എന്ന സ്ഥാപനത്തെ ഏൽപ്പിക്കുകയും ഇൻവോയ്സ് നം. 141/24.12.18 പ്രകാരം 298500/-(19900/1 light) യിൽ 200000/-രൂപ സ്ഥാപനത്തിന് കൈമാറുകയും ചെയ്തിട്ടുണ്ട്.എന്നാൽ ലൈറ്റുകൾ റിപ്പയർ ചെയ്തതായി മെമ്പർമാരുടെ സാക്ഷ്യപത്രം ,മോണിറ്ററിങ്ങ് കമ്മിറ്റി റിപ്പോർട്ട് എന്നിവ ഹാജരാക്കിയിട്ടില്ല.ആയത് ഹാജരാക്കേണ്ടതാണ്. ഹാജരാക്കുന്നത് വരെ ചെലവ് തുക 2 ലക്ഷം തടസ്സം ചെയ്യുന്നു.

## 3-10 കുറ്റിപ്പാല കുടിവെള്ള പദ്ധതി -മോട്ടോർ -പഴയ മോട്ടോർ ലേലം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

പ്രോജക്റ്റ് നം. 261/19

നിർവ്വഹണോദ്യോഗസ്ഥൻ -സെക്രട്ടറി.

ബിൽ നം. തി. തുക -17/12.11.18 -78000/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ് )

കുറ്റിപ്പാല കുടിവെള്ള പദ്ധതിക്ക് വേണ്ടി പഴയ സബ്മേഴ്സിബിൾ മോട്ടോർ പമ്പ് മാറ്റി പുതിയത് സ്ഥാപിക്കുന്നതിന് എടപ്പാൾ സിറ്റി ലൈറ്റ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നും മോട്ടോർ വാങ്ങി സ്ഥാപിച്ചിട്ടുണ്ട്. പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള പഴയ മോട്ടോർ ലേലം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-11 ഷോപ്പിംഗ് കോംപ്ലക്സ് കം ഓഡിറ്റോറിയം നിർമ്മാണം - സർക്കാർ ഉത്തരവിന് വിരുദ്ധമായി പ്രവൃത്തി നടത്തിപ്പ്- ദീർഘ വീക്ഷണമില്ലായ്മ കാരണം കെട്ടിട നിർമ്മാണം നിശ്ചലാവസ്ഥയിൽ

2015-16 സാമ്പത്തിക വർഷത്തിൽ 2,30,00,000 (2 കോടി 30 ലക്ഷം) രൂപ അടങ്കലിൽ ഷോപ്പിംഗ് കോംപ്ലക്സ് കം ഓഡിറ്റോറിയം നിർമ്മാണത്തിന് അസി.എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി പദ്ധതി തയ്യാറാക്കി ഗ്രാമ പഞ്ചായത്ത് അംഗീകാരം വാങ്ങിയിട്ടുണ്ട്. 2 കോടി വായ്പയായും 30 ലക്ഷം രൂപ പഞ്ചായത്ത് ഫണ്ടും (Plan(G)-1405000,FC Grant-610000,OwnFund-985000) വകയിരുത്തി. ഷോപ്പിംഗ് കോംപ്ലക്സ് കം ഓഡിറ്റോറിയം നിർമ്മാണത്തിന് വേണ്ടി അക്രിഡിറ്റഡ് ഏജൻസിയായ കോസ്റ്റ് ഫോർഡിനെ ചുമതലപ്പെടുത്തുകയും മുൻകൂറിനത്തിൽ 2015-16 വർഷത്തിൽ 30 ലക്ഷം രൂപ ഏജൻസിക്ക് കൈമാറുകയും ചെയ്തു. സ.ഉ.(സാ.ധാ) നം. 772/17 ത.സ്വ.ഭ.വ തിയ്യതി. 18.3.17 ഉത്തരവ് പ്രകാരം വട്ടംകുളം ഗ്രാമ പഞ്ചായത്തിന് ഷോപ്പിംഗ് കോംപ്ലക്സ് കം ഓഡിറ്റോറിയം നിർമ്മിക്കുന്നതിന് KURDF യിൽ നിന്നും 2,00,00,000 (2 കോടി) വായ്പ എടുക്കുന്നതിന് സർക്കാർ അനുമതി നൽകി. . പ്രവൃത്തി 31.3.2019 ന് പൂർത്തീകരിക്കുമെന്നാണ് കോസ്റ്റ് ഫോർഡുമായുള്ള കരാറിൽ പറഞ്ഞിട്ടുള്ളത്. എന്നാൽ ദീർഘ വീക്ഷണമില്ലായ്മ കാരണവും സർക്കാർ ഉത്തരവിന് വിരുദ്ധമായി പ്രവൃത്തി നടത്തിയതിനാലും നിലവിൽ പ്രവൃത്തി നിശ്ചലാവസ്ഥയിൽ ആയി. ഭരണ സമിതിയുടെ ഫലപ്രദമായ ഇടപെടൽ ഈ പദ്ധതിയിൽമേൽ അനിവാര്യമായിരിക്കെ യാതൊരുവിധ നടപടികളും ഷോപ്പിംഗ് കോംപ്ലക്സ് കം ഓഡിറ്റോറിയം നിർമ്മാണം പൂർത്തിയാക്കുന്നതിന് സ്വീകരിച്ചിട്ടില്ല എന്നത് ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

<u>പദ്ധതി നടത്തിപ്പിലെ അപാകതകൾ</u>

<u>1. കോസ്റ്റ് ഫോർഡുമായുള്ള കരാറിലെ അപാകതകൾ</u>

a. 2 കോടി 30 ലക്ഷം അടങ്കലുള്ള ഈ പദ്ധതിയുടെ സുപ്രധാന രേഖയായ കരാർ ഉടമ്പടിയിൽ തിയതി പോലും രേഖപ്പെടുത്തിയിട്ടില്ല. പദ്ധതി നടത്തിപ്പിന്റെ ചുമതലയുള്ള നിർവ്വഹണ ഉദ്യോഗസ്ഥനും (അസി.എഞ്ചിനീയർ, വട്ടംകുളം ഗ്രാ.പ) അക്രഡിറ്റഡ് ഏജൻസിയും തമ്മിലാണ് കരാറിൽ ഒപ്പ് വക്കേണ്ടത് എന്നിരിക്കെ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയാണ് കരാറിൽ ഒപ്പ് വച്ചിട്ടുള്ളത്.

b. സ.ഉ (എം.എസ് ) നം.133/07/ത.സ്വ.ഭ.വ തി.18.5.2007 ഉത്തരവ് പ്രകാരമുള്ള വ്യവസ്ഥകൾക്ക്
വിരുദ്ധമായാണ് കരാർ വച്ചിട്ടുള്ളത്.

സ.ഉ (എം.എസ് ) നം.133/07/ത.സ്വ.ഭ.വ തി.18.5.2007 ഉത്തരവ് പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ അക്രിഡിറ്റഡ് ഏജൻസികൾ മുഖേന നടപ്പാക്കുന്ന പൊതുമരാമത്ത് പണികളുടെ നിർവഹണം നടത്തുന്നതിനുള്ള നടപടി ക്രമങ്ങളിൽ തദ്ദേശ സ്ഥാപനങ്ങൾക്ക് വേണ്ടി പുറപ്പെടുവിച്ചിട്ടുള്ള പൊതുമരാമത്ത് വ്യവസ്ഥകളെ അടിസ്ഥാനമാക്കിയായിരിക്കണം പ്ലാൻ,ഡിസൈൻ,എസ്റ്റിമേറ്റ് മുതലായവ തയ്യാറാക്കേണ്ടതെന്നും തനത്

സാങ്കേതിക വിദ്യ ഉപയോഗിച്ച് നടപ്പാക്കുന്ന പ്രവൃത്തികൾക്ക് അതാത് ഏജൻസികളുടെ എഞ്ചിനീയർമാർക്ക് തന്നെ പ്ലാൻ,ഡിസൈൻ,എസ്റ്റിമേറ്റ് മുതലായവ തയ്യാറാക്കാവുന്നതാണെന്നും മറ്റ് പ്രവൃത്തികളുടെ കാര്യത്തിൽ അതാത് തദ്ദേശ സ്ഥാപനങ്ങളിലെ എഞ്ചിനീയർ തന്നെയായിരിക്കണം ഇവ തയ്യാറാക്കേണ്ടത് എന്നും വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ പ്രവൃത്തിയുടെ സൂപ്പർ വിഷൻ നടത്തി അളവുകൾ രേഖപ്പെടുത്തേണ്ടത് അതാത് തദ്ദേശ സ്ഥാപനങ്ങളിലെ എഞ്ചിനീയർ തന്നെയായിരിക്കണം എന്നും വ്യക്തമാക്കിയിട്ടുണ്ട്. തനത് സാങ്കേതിക വിദ്യ ഉപയോഗിച്ച് നടപ്പാക്കുന്ന പ്രവൃത്തികളുടെ കാര്യത്തിൽ ഏജൻസികളുടെ എഞ്ചിനീയർമാർക്കും അളവുകൾ രേഖപ്പെടുത്താവുന്നതാണ് എന്നിരുന്നാലും തദ്ദേശ സ്ഥാപനങ്ങളിലെ എഞ്ചിനീയർ അത് പരിശോധിച്ച് ബോധ്യപ്പെടേണ്ടതാണ്. എന്നാൽ കോസ്റ്റ് ഫോർഡുമായ കരാർ പ്രകാരം ഏജൻസിയിലെ എഞ്ചിനീയർമാർ തന്നെയാണ് അളവുകൾ രേഖപ്പെടുത്തുന്നതും ചെക്ക് മെഷർ ചെയ്യുന്നതും ബിൽ തയ്യാറാക്കുന്നതും തുടർന്ന് പേമെന്റ് അനുവദിക്കുന്നതിന് മാത്രം ബില്ലുകൾ ഗ്രാമ പഞ്ചായത്തിൽ സമർപ്പിക്കുന്നു. ഇത് സർക്കാർ ഉത്തരവിന് വിരുദ്ധമായ നടപടിയാണ്.

**2. പേമെന്റ് സർക്കാർ ഉത്തരവിന് വിരുദ്ധം**

മേൽ ഉത്തരവ് പ്രകാരം അക്രഡിറ്റഡ് ഏജൻസിക്ക് പേമെന്റ് അനുവദിക്കേണ്ടത് താഴെ പറയും പ്രകാരമാണ്

ഘട്ടം 1 – കരാർ ഉടമ്പടിയിൽ ഏർപ്പെട്ടു കഴിഞ്ഞാൽ കരാർ ഉടമ്പടി തുകയുടെ 20%

ഘട്ടം 2,3,4 – മുൻ അഡ്വാൻസുകളുടെ 90% ചെലവഴിച്ചതിനുള്ള വാല്വേഷൻ ചെക്ക് മെഷർ ചെയ്യുന്ന ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുന്ന മുറക്ക് 20% വീതം

ഘട്ടം 5 - മുൻ അഡ്വാൻസുകളുടെ 90% ചെലവഴിച്ചതിനുള്ള വാല്വേഷൻ ചെക്ക് മെഷർ ചെയ്യുന്ന ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുന്ന മുറക്ക് 10%

ഘട്ടം 6 – പ്രവൃത്തി പൂർത്തിയാക്കിയതിന് ശേഷം ഫൈനൽ വാല്വേഷൻ ചെക്ക് മെഷർ ചെയ്യുന്ന ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുകയും ബന്ധപ്പെട്ട എല്ലാ രേഖകളും തദ്ദേശ ഭരണ സ്ഥാപനത്തിന് സമർപ്പിക്കുകയും ചെയ്യുന്ന മുറക്ക് ബാക്കി 10%

എന്നാൽ പ്രവൃത്തി വേണ്ടി 2015-16 വർഷത്തിൽ മുൻകൂറായി 46 ലക്ഷം അനുവദിക്കുന്നതിന് പകരം 30 ലക്ഷം രൂപ അനുവദിച്ചു. (Plan-1405000 (DD No-237390/23.3.16), Own fund-985000 (DD No-237104/3.3.16), FC Grant-610000 (DD No-237850/6.4.16). തുടർന്ന് 2018-19 ലാണ് രണ്ടാം ഗഡു 21,87,095 രൂപ അനുവദിച്ചിട്ടുള്ളത്. (415281/27.9.18).

**3. പാർട്ട് ബിൽ ഫയലിൽ ഇല്ല**

2015-16 വർഷത്തിൽ മുൻകൂറായി 30 ലക്ഷം രൂപ അനുവദിച്ചതിന് ശേഷം 2018-19 ലാണ് രണ്ടാം ഗഡു 21,87,095 രൂപ അനുവദിച്ചിട്ടുള്ളത് (ഡി.ഡി.നം - 415281/27.9.18). 30,36,279 രൂപയുടെ മൂല്യ നിർണ്ണയത്തിലുള്ള പാർട്ട് ബില്ലാണ് കോസ്റ്റ് ഫോർഡ് ആദ്യം സമർപ്പിച്ചിട്ടുള്ളത്. പ്രസ്തുത പാർട്ട് ബിൽ നികുതികൾ ഉൾപ്പെടെയുള്ളതാണ്. പ്രസ്തുത ബില്ലിൽ അപാകതയുള്ളതിനാൽ അപാകത പരിഹരിച്ച് 21,87,095 രൂപയുടെ പുതിയ പാർട്ട് ബിൽ സമർപ്പിക്കുകയാണ് ചെയ്തത്. എന്നാൽ 21,87,095 രൂപയുടെ പുതിയ പാർട്ട് ബിൽ ഫയലിൽ നിന്നും പരിശോധനക്ക് ലഭ്യമായിട്ടില്ല.

**4. നികുതികൾ അടവാക്കിയിട്ടില്ല**

ബില്ലിൽ നിന്നും നികുതികൾ റിക്കവറി നടത്തി അതാത് സ്ഥാപനങ്ങളിലേക്ക് അടവാക്കേണ്ടത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ അസി.എഞ്ചിനീയർ ആണ്. 21,87,095 രൂപയുടെ പുതിയ പാർട്ട് ബിൽ നിന്നും ചരക്ക് സേവന നികുതി (12%) 2,62,451 രൂപയും, ആദായ നികുതി(2%) 43742 രൂപയും, നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം (1%) 21871 രൂപയും ഈടാക്കി അതാത് സ്ഥാപനങ്ങളിലേക്ക് അടവാക്കേണ്ടതുണ്ട്. എന്നാൽ ഇവ അടവാക്കിയിട്ടില്ല. ചരക്ക് സേവന നികുതി , ആദായ നികുതി, നിർമ്മാണ തൊഴിലാളി ക്ഷേമ നിധി

വിഹിതം എന്നിവ അടവാക്കിയതിന്റെ രേഖകൾ പരിശോധനക്ക് പാർട്ട് ബില്ലിനോടൊപ്പം ഹാജരാക്കേണ്ടതാണ്.

**5. പ്രവൃത്തി നടത്തിപ്പിലെ കാല താമസം**

കരാർ പ്രകാരം 31.3.2019 നാണ് പ്രവൃത്തി പൂർത്തീകരിക്കേണ്ടത്. പ്രവൃത്തി പൂർത്തീകരണ കാലാവധിയുടെ അവസാനത്തിലെത്തിയിട്ടും കെട്ടിട നിർമ്മാണത്തിന്റെ 10 ശതമാനം പോലും ആയിട്ടില്ല എന്നത് ഗുരുതരമായ കരാർ ലംഘനമാണ്. മുൻകൂർ കൈപ്പറ്റി പ്രവൃത്തി തുടങ്ങുന്നതിന് ഇത്രയും കാലതാമസം ഉണ്ടായതിന്റെ കാരണം വ്യക്തമല്ല.

**6). റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല**

പ്രവൃത്തിക്ക് വേണ്ടി തയ്യാറാക്കിയ 2,30,00,000/- രൂപയുടെ (2 കോടി 30 ലക്ഷം) എസ്റ്റിമേറ്റിൽ മൂല്യവർദ്ധിത നികുതിക്കാണ് (4%) പ്രൊവിഷൻ വച്ചിട്ടുള്ളത്. നിലവിൽ ചരക്ക് സേവന നികുതി (12%) അടക്കേണ്ടതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടതുണ്ട്. നിലവിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടില്ല.

ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. (AUDIT ENQUIRY No.23/2.7.19). മേൽ അപാകതകൾക്ക് ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ വിശദീകരണം നൽകേണ്ടതും അപാകതകൾ പരിഹരിച്ച് തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്. ഭരണ സമിതിയുടെ ഫലപ്രദമായ ഇടപെടൽ ഈ പദ്ധതിയിൽമേൽ അടിയന്തിരമായി ഉണ്ടാവേണ്ടതും ഷോപ്പിംഗ് കോംപ്ലക്സ് കം ഓഡിറ്റോറിയത്തിന്റെ നിർമ്മാണം പൂർത്തികരിക്കേണ്ടതുമാണ്.





## 3-12 മൂല്യ വർദ്ധിത നികുതി കുറക്കാതെ കൺവീനർമാർക്ക്

# തുക നൽകി - നഷ്ടം 47719 രൂപ

DSR സ്പെസിഫിക്കേഷൻ ഉപയോഗിച്ച് പ്രൈസിൽ തയ്യാറാക്കിയിട്ടുള്ള ഈ പ്രൊജക്ടുകളുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുന്ന ഇനങ്ങളുടെ യൂണിറ്റ് നിരക്കുകളിൽ 7.5% ഓവർ ഹെഡ് ഉൾപ്പെടുന്നുണ്ട് . മൂല്യ വർദ്ധിത നികുതി,ആദായ നികുതി, ക്ഷേമ നിധി വിഹിതം എന്നിവ അടവാക്കുന്നതിന് വേണ്ടിയാണ് ഓവർ ഹെഡ് ചാർജ് വകയിരുത്തിയിട്ടുള്ളത്. ബിൽ അനുവദിക്കുമ്പോൾ നികുതികൾ കുറവ് ചെയ്ത തുകയാണ് കൺവീനർക്ക് നൽകേണ്ടത്. എന്നാൽ താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളിൽ മൂല്യ വർദ്ധിത നികുതി കുറക്കാതെ ആദായ നികുതി, ക്ഷേമ നിധി വിഹിതം എന്നിവ മാത്രം കുറച്ചാണ് കൺവീനർക്ക് തുക അനുവദിച്ചത്. അതുകൊണ്ട് ടി പ്രവൃത്തികളിൽ കൺവീനർമാർക്ക് അധിക തുക നൽകാനിടയായി. (1.7.2017 ന് ശേഷം നടപ്പാക്കുന്ന എല്ലാ മരാമത്ത് പ്രവൃത്തികൾക്കും GST ബാധകമായതിനാൽ മൂല്യ വർദ്ധിത നികുതിക്ക് പ്രൊവിഷൻ വച്ച തുക കുറച്ച് കൺവീനർക്ക് നൽകിയാൽ മതി)

**1. ചേകന്നൂർ എസ്.സി.കോളനി റോഡ് കോൺക്രീറ്റിംഗ്**

പ്രൊജക്ട് നം : SO187/19 (SO212/17)

| <u>അടങ്കൽ</u> | <u>ചെലവ്</u> | <u>ബിൽ നമ്പർ</u> |
|---|---|---|
| 150000.00 MG(R) | 148281 | 9/13.6.18 |

കരാർ നം : AE/LSGD/VKM/124/16-17 തീയ്യതി.31.3.17

എംബുക്ക് നം: 41/17-18

TS N0 : 92318/2016-17

Est.No-2017/16420

കൺവ്വീനർ : ഷാഫി

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

Cl – 36.19 (DSR 2014)

**കൺവീനർക്ക് നൽകാവുന്ന തുക**

| | |
|---|---|
| ആകെ പ്രവൃത്തിമൂല്യം | 148281 |
| (-)വാറ്റ് 5% | 7414 |
| (-)IT.2% | 2966 |
| (-)KCWWF1% | 1483 |
| കൺവീനർക്ക് അനുവദിക്കാവുന്നത് | 136418 |

കൺവീനർക്ക് നൽകിയ തുക – 143832

അധികം നൽകിയത് - 143832 – 136418 =7414

**2. പാറയിൽ മുത്തൂർ എസ്.സി കോളനി റോഡ് കോൺക്രീറ്റിംഗ്**

പ്രൊജക്ട് നം : SO186/19 (SO210/17)

| അടങ്കൽ | ചെലവ് | ബിൽ നമ്പർ |
|---|---|---|
| 150000.00 MG(R) | 147232 | 28/13.6.18 |

കരാർ നം : AE/LSGD/VKM/122/16-17 തീയ്യതി.31.3.17

എംബുക്ക് നം: 118/16-17

TS N0 : 91406/2016-17

Est.No-2017/16387

കൺവീനർ : അസ്സൈനാർ

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

Cl – 36.19 (DSR 2014)

**കൺവീനർക്ക് നൽകാവുന്ന തുക**

| | |
|---|---|
| ആകെ പ്രവൃത്തിമൂല്യം | 147232 |
| (-)വാറ്റ് 5% | 7362 |
| (-)IT.2% | 2945 |
| (-)KCWWF1% | 1472 |
| കൺവീനർക്ക് അനുവദിക്കാവുന്നത് | 135453 |

കൺവീനർക്ക് നൽകിയ തുക – 142815

അധികം നൽകിയത് - 142815 – 135453 =7362

**3. പറൂർ പാടം റോഡ് കോൺക്രീറ്റിംഗ്**

പ്രൊജക്ട് നം : SO188/19 (SO221/17)

| അടങ്കൽ | ചെലവ് | ബിൽ നമ്പർ |
|---|---|---|
| 200000.00 MG(R) | 197227 | 26/8.6.18 |

കരാർ നം : AE/LSGD/VKM/121/16-17 തീയ്യതി.31.3.17

എംബുക്ക് നം: 105/16-17

TS N0 : 91377/2016-17

Est.No-2017/16451

കൺവ്വീനർ : മുസ്തഫ. PK

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

Cl – 36.19 (DSR 2014)

**കൺവീനർക്ക് നൽകാവുന്ന തുക**

| | |
|---|---|
| ആകെ പ്രവൃത്തിമൂല്യം | 197227 |
| (-)വാറ്റ് 5% | 9861 |
| (-)IT.2% | 3945 |
| (-)KCWWF1% | 1972 |
| കൺവീനർക്ക് അനുവദിക്കാവുന്നത് | 181449 |

കൺവീനർക്ക് നൽകിയ തുക – 191310

അധികം നൽകിയത് - 191310 – 181449 =9861

**4. എറാക്കുളത്ത് വരത്തൂർ കായൽ റോഡ് കോൺക്രീറ്റിംഗ്**

പ്രൊജക്റ്റ് നം : SO236/19 (SO211/17)

| <u>അടങ്കൽ</u> | <u>ചെലവ്</u> | <u>ബിൽ നമ്പർ</u> |
|---|---|---|
| 200000.00 MG(R) | 197708 | 34/13.6.18 |

കരാർ നം : AE/LSGD/VKM/125/16-17 തീയ്യതി.31.3.17

എംബുക്ക് നം: 54/17-18

TS N0 : 91386/2016-17

Est.No-2017/16403

കൺവ്വീനർ : റാഫി

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

Cl – 36.19 (DSR 2014)

**കൺവീനർക്ക് നൽകാവുന്ന തുക**

| | |
|---|---|
| ആകെ പ്രവൃത്തിമൂല്യം | 197708 |
| (-)വാറ്റ് 5% | 9885 |
| (-)IT.2% | 3954 |
| (-)KCWWF1% | 1977 |
| കൺവീനർക്ക് അനുവദിക്കാവുന്നത് | 181892 |

കൺവീനർക്ക് നൽകിയ തുക – 191777

അധികം നൽകിയത് - 191777 – 181892 =9885

**5. മേലേതിൽ താഴം റോഡ് കോൺക്രീറ്റിംഗ്**

പ്രൊജക്ട് നം : SO190/19 (SO109/17)

| <u>അടങ്കൽ</u> | <u>ചെലവ്</u> | <u>ബിൽ നമ്പർ</u> |
|---|---|---|
| 178670.00 MG(R) | 178670 | 29/13.6.18 |

121330 (Own fund) 85268 2672502/31.3.18

300000 263938

കരാർ നം : AE/LSGD/VKM/126/16-17 തീയ്യതി.31.3.17

എംബുക്ക് നം: 95/17-18

TS N0 : 91371/2016-17

Est.No-2017/16465

കൺവ്വീനർ : ബാലകൃഷ്ണൻ

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

Cl – 36.19 (DSR 2014)

**കൺവീനർക്ക് നൽകാവുന്ന തുക**

| | |
|---|---|
| ആകെ പ്രവൃത്തിമൂല്യം | 263938 |
| (-)വാറ്റ് 5% | 13197 |
| (-)IT.2% | 5279 |
| (-)KCWWF1% | 2639 |
| കൺവീനർക്ക് അനുവദിക്കാവുന്നത് | 242823 |

കൺവീനർക്ക് നൽകിയ തുക – 256020

അധികം നൽകിയത് - 256020 – 242823 = 13197

മേൽ അപാകതക്ക് വിശദീകരണം നൽകാൻ ഓഡിറ്റ് എൻക്വയറി നം. 1/29.6.2019 മുഖേനെ ആവശ്യപ്പെട്ടതിന്റെയടിസ്ഥാനത്തിൽ നഷ്ട തുക കൺവീനർമാരിൽ നിന്നും ഈടാക്കുന്നതാണെന്ന് അസി.എഞ്ചിനീയർ മറുപടി ലഭ്യമാക്കി. ഈ സാഹചര്യത്തിൽ, നഷ്ടം ഈടാക്കുന്നത് വരെ 47719 രൂപ പ്രവൃത്തിയുടെ ഫൈനൽ ബിൽ അനുവദിച്ച അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാധ്യതയായി നിജപ്പെടുത്തുന്നു.

# 3-13 എരുവപ്രക്കുന്ന് റോഡ് റീടാറിംഗ് - ഓവർഹെഡ് ചാർജ്ജ്,മൂല്യ വർദ്ധിത നികുതി എന്നിവ കുറവ്

# വരുത്തിയിട്ടില്ല - കൺവീനർക്ക് അധികം നൽകിയത് 25208രൂപ

പ്രൊജക്റ്റ് നം : SO189/19 (SO222/17)

| അടങ്കൽ | ചെലവ് | ബിൽ നമ്പർ |
|---|---|---|
| 350000.00 MG(R) | 336100.00 | 109/20.3.19 |

കരാർ നം : AE/LSGD/VKM/127/17-18 തീയ്യതി.31.3.17

എംബുക്ക് നം: 118/17-18

TS N0 : 92975/2016-17 (DSR 2014 CI-36.19%)

Esti.No-2017/16393

കൺവ്വീനർ : വി.കുഞ്ഞൻ.കെ

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

മോർഡ് സ്പെസിഫിക്കേഷൻ ഉപയോഗിച്ച് പ്രൈസിൽ തയ്യാറാക്കിയിട്ടുള്ള ഈ പ്രൊജക്റ്റിന്റെ എസ്റ്റിമേറ്റിൽ ഉൾപ്പെടുന്ന ഇനങ്ങളുടെ യൂണിറ്റ് നിരക്കുകളിൽ 10% ഓവർ ഹെഡ് ഉൾപ്പെടുന്നുണ്ട് . ചീഫ് എഞ്ചിനീയറുടെ 29.12.16 ലെ DB3/6512B/13/CE/LSGD നമ്പർ സർക്കുലർ പ്രകാരം റോഡ് നിർമ്മാണത്തിന് മോർഡ് സ്പെസിഫിക്കേഷൻ ഉപയോഗിച്ച് പ്രൈസിൽ തയ്യാറാക്കുന്ന കൺവീനർ പ്രവൃത്തികളുടെ എസ്റ്റിമേറ്റുകളിൽ 10% ഓവർഹെഡ് വകയിരുത്തിയതിനാൽ, ബിൽ അനുവദിക്കുമ്പോൾ 7.5% ൽ ലിമിറ്റ് ചെയ്യണമെന്ന് നിർദ്ദേശമുണ്ട്. മൂല്യ വർദ്ധിത നികുതി,ആദായ നികുതി, ക്ഷേമ നിധി വിഹിതം എന്നിവ അടവാക്കുന്നതിന് വേണ്ടിയാണ് കൺവീനർ പ്രവൃത്തികളിൽ ഓവർ ഹെഡ് ചാർജ് ഉൾപ്പെടുത്തിയിട്ടുള്ളത്. താഴെ പറയുന്ന പ്രവൃത്തിയിൽ ആദായ നികുതി, ക്ഷേമ നിധി വിഹിതം എന്നിവ മാത്രം കുറച്ച് മൂല്യ വർദ്ധിത നികുതി, ഓവർഹെഡ് ചാർജ് എന്നിവ കുറക്കാതെ തുക നൽകിയതിനാൽ 25208രൂപ കൺവീനർക്ക് അധികം നൽകിയിട്ടുണ്ട്.

കൺവീനർക്ക് നൽകാവുന്ന തുക

| | |
|---|---|
| ആകെ പ്രവൃത്തിമൂല്യം | 336100 |
| (-)വാറ്റ് 5% | 16805 |
| (-)IT.2% | 6722 |
| (-)KCWWF1% | 3361 |
| (-)ഓവർ ഹെഡ്2.5% | 8403 |
| കൺവ്വീനർക്ക് | 300809 |

കൺവീനർക്ക് നൽകിയ തുക – 326017

അധികം നൽകിയത് - 326017 – 300809 = 25208

മേൽ അപാകതക്ക് വിശദീകരണം നൽകാൻ ഓഡിറ്റ് എൻക്വയറി നം. 2/29.6.2019 മുഖേനെ ആവശ്യപ്പെട്ടതിന്റെയടിസ്ഥാനത്തിൽ നഷ്ട തുക കൺവീനറിൽ നിന്നും ഈടാക്കുന്നതാണെന്ന് അസി.എഞ്ചിനീയർ മറുപടി ലഭ്യമാക്കി. ഈ സാഹചര്യത്തിൽ, നഷ്ടം ഈടാക്കുന്നത് വരെ 25208രൂപ പ്രവൃത്തിയുടെ ഫൈനൽ ബിൽ അനുവദിച്ച അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാധ്യതയായി നിജപ്പെടുത്തുന്നു.

## 3-14 മരാമത്ത് പ്രവൃത്തികളിലെ സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റുകൾ ദുരുപയോഗം ചെയ്തത് സംബന്ധിച്ച്

വട്ടംകുളം ഗ്രാമ പഞ്ചായത്തിലെ 2018-19 വർഷത്തെ മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട് കരാറുകാർ നൽകിയ സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റുകൾ പൊന്നാനി , ചങ്ങരംകുളം സബ് ട്രഷറികളിൽ ദുരുപയോഗം ചെയ്തതിനാൽ പൊന്നാനി പോലീസ് സ്റ്റേഷനിൽ 529/18 നമ്പറായി കേസ് നിലവിലുണ്ട്. കേസിന്റെ ഭാഗമായി ഡെപ്പോസിറ്റ് രസീതികൾ പോലീസ് കൊണ്ടു പോയതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി നടത്തിപ്പിന് വേണ്ടി കരാറുകാർ പുതിയ സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയിട്ടുണ്ട്. താഴെ പറയുന്ന പ്രവൃത്തികളുടെ സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റുകളാണ് ദുരുപയോഗം ചെയ്തിട്ടുള്ളത്. കേസിന്റെ തുടർ നടപടി വിവരം ഓഡിറ്റ് റിപ്പോർട്ടിന്റെ ആദ്യ മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

| പ്രോജക്റ്റ് നം | പ്രവൃത്തി | തുക (സെക്യൂരിറ്റി ഡെപ്പോസിറ്റ്) | കരാറുകാരൻ |
|---|---|---|---|
| 88/19 | എരുവപ്രക്കുന്ന് ഉണ്ണിക്കുളം റോഡ് കോൺക്രീറ്റിംഗ് | 7800 (JK332556) | TV.ഷാലു |
| 130/19 | അണ്ണക്കംപാട് സ്വിച്ച് ബോർഡ് റോഡ് കോൺക്രീറ്റിംഗ് | 8000 (JK332557) | |
| 128/19 | മേക്കാട്ട് മന കണാരക്കുന്ന് റോഡ് കോൺക്രീറ്റിംഗ് | 8100 (JK332558) | |
| 101/19 | ചേകന്നൂർകാട് ഈസ്റ്റ് റോഡ് കോൺക്രീറ്റിംഗ് | 7900 (JK332559) | |
| 104/19 | ആറെക്കാവ് മണ്ടകപ്പറമ്പ് റോഡ് കോൺക്രീറ്റിംഗ് | 8000 (JK332560) | |
| 95/19 | പുളിയംകോട്ട് സ്റ്റേഡിയം റോഡ് കോൺക്രീറ്റിംഗ് | 7800 (JK332561) | |
| 94/19 | ആശാരിപ്പടി റോഡ് കോൺക്രീറ്റിംഗ് | 7800 (JK332562) | |
| 112/19 | കുങ്ങാംകുന്ന് അംഗനവാടി റോഡ് കോൺക്രീറ്റിംഗ് | 7900 (JK332563) | |
| 99/19 | കാട് ചേകന്നൂർ റോഡ് കോൺക്രീറ്റിംഗ് | 7900 **(JK332580)** | |
| 16/19 | തിരുമാണിയൂർ ക്ഷേത്രം റോഡ് കോൺക്രീറ്റിംഗ് | 8100 (JK332564) | TV.ഉണ്ണി |
| 79/19 | കല്ലേക്കുളം റോഡ് കോൺക്രീറ്റിംഗ് | 7900 (JK332565) | |
| 17/19 | പള്ളിയാലിൽ വരത്തൂർ കായൽ റോഡ് | 7900 | |

| | | | |
|---|---|---|---|
| | കോൺക്രീറ്റിംഗ് | (JK332566) | |
| 64/19 | ഇല്ലത്ത് വളപ്പിൽ താഴം റോഡ് കോൺക്രീറ്റിംഗ് | 7800<br>(JK332567) | |
| 63/19 | കവുപ്ര ക്ഷേത്രം റോഡ് കോൺക്രീറ്റിംഗ് | 7900<br>(JK332568) | |
| 76/19 | ചോരും വീട്ടിൽ താഴം റോഡ് കോൺക്രീറ്റിംഗ് | 7800<br>(JK332569) | |
| 66/19 | കുറങ്ങാട്ട് താഴം റോഡ് കോൺക്രീറ്റിംഗ് | 7900<br>(JK332570) | |
| 83/19 | പാലപ്ര മദ്രസ്സ റോഡ് കോൺക്രീറ്റിംഗ് | 7800<br>(JK332571) | |
| 84/19 | മുളുര് നെരപ്പറമ്പ് റോഡ് കോൺക്രീറ്റിംഗ് | 8100<br>(JK332572) | |
| 106/19 | കൊടക്കാട് റോഡ് കോൺക്രീറ്റിംഗ് | 10000<br>(JK332579) | മുഹമ്മദ് ഇക്ബാൽ |
| ആകെ | | 152400 | |

## 3-15 ചിറ്റഴിക്കന്ന് അംഗനവാടി ചുറ്റുമതിൽ നിർമ്മാണം - ടെണ്ടർ കുറവ് സ്വീകരിച്ചില്ല

നിർവഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

പ്രോജക്റ്റ് - SO249/19 (FC Grant)

എം. ബുക്ക് - 41/18-19

കരാർ - 62/1.12.18

മൂല്യനിർണ്ണയം - 240164

ബിൽ - 85/12.2.19

കരാറുകാരൻ - സുജേഷ് .M

DSR 2016 Cl-37.25

സുജേഷ് .Mഎന്ന കരാറുകാരനാണ് 9.15% ടെണ്ടർ കുറവിൽ പ്രവൃത്തി നടപ്പാക്കിയിട്ടുള്ളത്. എന്നാൽ EP.ചാത്തപ്പൻ,ഇല്ലത്ത് പറമ്പിൽ എന്ന കരാറുകാരൻ പ്രവൃത്തി 10.3% ടെണ്ടർ കുറവിൽ ടെണ്ടർ ക്വാട്ട് ചെയ്തിട്ടുണ്ട്. ടിയാന് കരാർ നൽകാതിരുന്നതിന് കാരണം, ഭരണസമിതി തീരുമാനം എന്നിവ പ്രവൃത്തിയുടെ ഫയലിൽ വ്യക്തമാക്കിയില്ലായിരുന്നു. ഇതിന് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 4 / 29.6.19) പ്രാഥമിക കരാറിൽ ഒപ്പിടാത്തതിനാലാണ് കുറഞ്ഞ ടെണ്ടർ പരിഗണിക്കാഞ്ഞത് എന്ന മറുപടി ലഭ്യമാക്കി. PWD Manual Para 2009-2 പ്രകാരം കരാറിൽ ഒപ്പിടാൻ വിട്ടത്, ടെണ്ടറിനൊപ്പം പ്ലാൻ വക്കാത്തത്,ടെണ്ടറിന്റെ ഓരോ പേജിലും ഒപ്പിടാത്തത്, EMD യുടെ ഒറിജിനൽ രേഖ

വക്കാത്തത് തുടങ്ങിയ നിസ്സാര തെറ്റുകൾ നിർവഹണ ഉദ്യോഗസ്ഥന് മാപ്പാക്കാനും അപാകത തിരുത്തിക്കാനും അധികാരം ഉണ്ട് എന്നിരിക്കെ ഏറ്റവും കുറവ് ടെണ്ടർ ചെയത കരാറുകാരന്റെ ടെണ്ടർ അംഗീകരിക്കാത്തത് വഴി പ്രവൃത്തിയിൽ നഷ്ടമുണ്ടായി. ഇത്തരം അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-16 മരാമത്ത് പ്രവൃത്തി - അവലോകനം

ഓഡിറ്റ് വർഷം അസിസ്റ്റന്റ് എഞ്ചിനീയർ 175 പ്രോജക്ടുകൾക്കാണ് അംഗീകാരം വാങ്ങിയിട്ടുള്ളത് . ഈ പ്രോജക്ടുകളുടെ ആകെ അടങ്കൽ 5,74,81,589രൂപയാണ്. ചെലവഴിച്ചത് 2,22,20,492 രൂപയാണ്. അതായത് 38.6 ശതമാനം മാത്രം. അംഗീകാരം വാങ്ങിയ പ്രോജക്ടുകളിൽ 50 എണ്ണം നിർവഹണം നടത്തിയിട്ടില്ല . സ്പിൽ ഓവറായി വന്ന 56 പ്രൊജക്ടുകളിൽ അഞ്ചെണ്ണം തൻവർഷത്തിലും നടപ്പിലാക്കിയിട്ടില്ല. സങ്കീർണമായ നടപടി ക്രമങ്ങൾ പൂർത്തിയാക്കിയാണ് പ്രോജക്ടുകൾ രൂപം കൊള്ളുന്നതും അംഗീകാരം ലഭ്യമാവുന്നതും. അർഹമായ നടപടിക്രമങ്ങൾ പൂർത്തിയാക്കി, ആവശ്യമായ തുക വകയിരുത്തി തയ്യാറാക്കുന്ന പ്രോജക്ടുകൾ ഉപേക്ഷിക്കുന്ന പ്രവണത കൂടിവരുന്നതായി കാണുന്നു. ഇത് ഗ്രാമ പഞ്ചായത്തിന്റ പദ്ധതി പ്രവർത്തനങ്ങളുടെ ലക്ഷ്യപ്രാപ്തി നഷ്ടപെടുത്തുന്നതാണ്. 3.52 കോടി രൂപ വകയിരുത്തിയ പ്രോജക്ടുകൾ നിർവഹിക്കാൻ അസിസ്റ്റന്റ് എഞ്ചിനീയർക്കായില്ല എന്ന് കാണുന്നു. ഇപ്രകാരം ഉപേക്ഷിക്കപ്പെട്ട പ്രോജക്ടുകൾ അടുത്ത വർഷത്തേക്ക് സ്പിൽ ഓവറായി ഉൾപെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്. പ്രോജക്ടുകൾ നിർവഹിക്കാതിരുന്നത് എന്ത് കൊണ്ട് എന്ന് വിശദീകരിക്കേണ്ടതാണ്.വ്യാപകമായ തോതിൽ പ്രോജക്ടുകൾ ഒഴിവാക്കപെടുന്ന സാഹചര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

2 കോടി 30 ലക്ഷം രൂപ വകയിരുത്തിയ ഗ്രാമ പഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സ് കം ഓഡിറ്റോറിയം എന്ന പദ്ധതി നിശ്ചലാവസ്ഥയിലാണ്.പദ്ധതി നടത്തിപ്പിൽ ഭരണസമിതിയുടെ ഫലപ്രദമായ ഇടപെടൽ ഉണ്ടായിട്ടില്ല. (ഖ.(3-11 കാണുക). കരാറുകാർ തമ്മിൽ നല്ല മൽസരം നടക്കുന്നതിനാൽ ടെണ്ടർ സേവിംഗ്സ് ഇനത്തിൽ നല്ലൊരു തുക ഗ്രാമ പഞ്ചായത്തിന് ലഭ്യമായിട്ടുണ്ട്. തൻവർഷത്തിൽ 95 ശതമാനവും റോഡ് പ്രവൃത്തികളാണ് നടപ്പാക്കിയിട്ടുള്ളത് അതിൽ തന്നെ 90 ശതമാനവും കോൺക്രീറ്റ് റോഡുകളാണ്.

പ്രവൃത്തികളുമായി ബന്ധപ്പെട്ട ഫയലുകളിൽ വൗച്ചർ നം.,ബിൽ നം, ചെക്ക് നം.(തനത് ഫണ്ട്) എന്നിവ രേഖപ്പെടുത്തുന്നില്ല. പല പ്രവൃത്തികളിലും Site hand over date, PAC (Probable date of Contract) എന്നിവ രേഖപ്പെടുത്തിയിട്ടില്ല . സ്പിൽ ഓവർ പ്രവൃത്തികളുടെ ഫയലിൽ തൻവർഷത്തെ പ്രോജക്ട് പ്രിന്റ് എടുത്ത് വച്ചിട്ടില്ല. ഫോം IV ൽ പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് രേഖപ്പെടുത്തുന്നില്ല.

മേൽ അപാകതകൾ പരിഹരിക്കുന്നതിനും ആവർത്തിക്കാതിരിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 3-17 മരുന്ന് ലഭ്യമാക്കിയിട്ടില്ല.

**1.** മെഡിക്കൽ ഓഫീസർ, (PHC) നിർവ്വഹണ ഉദ്യോഗസ്ഥനായ " ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ ' എന്ന പദ്ധതി (s0044/2018-19)യുടെ ഭാഗമായി മെയിന്റനൻസ് ഫണ്ടിൽ നിന്ന് 400,000 രൂപ പിൻവലിച്ച് (ബിൽ നം- 7/22.09.2018) കെ.എം.എസ്.സി.എൽ തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ 52176 രൂപയുടെ മരുന്ന് മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. അവശേഷിക്കുന്ന 347824 രൂപയുടെ മരുന്ന് ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കാൻ ആവശ്യപ്പെട്ട് മെഡിക്കൽ ഓഫീസർക്ക് നൽകിയ ഓഡിറ്റ് എൻക്വയറി (നം-7/29.6.2019 ) ക്ക് മറുപടി നൽകിയിട്ടില്ല. അവശേഷിക്കുന്ന മരുന്ന് ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. മെഡിക്കൽ ഓഫീസർ, (PHC) നിർവ്വഹണ ഉദ്യോഗസ്ഥനായ " പാലിയേറ്റീവ് സൊസൈറ്റിക്ക് മരുന്ന് വാങ്ങൽ" എന്ന പദ്ധതി(s0046/2018-19) പ്രകാരം പാലിയേറ്റീവ് രോഗികൾക്കുള്ള മരുന്ന് വാങ്ങുന്നതിന് മെയിന്റനൻസ് ഫണ്ടിൽ നിന്ന് 200,000 രൂപ(ബിൽ നം- 11/31.12.2018)പിൻവലിച്ച് കെ.എം.എസ്.സി.എൽ തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്ന് ലഭ്യമാക്കിയിട്ടില്ല.

മരുന്ന് പൂർണ്ണമായും ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കാൻ ആവശ്യപ്പെട്ട് മെഡിക്കൽ ഓഫീസർക്ക് നൽകിയ ഓഡിറ്റ് എൻക്വയറി (നം-7/29.6.2019 ) ക്ക് മറുപടി നൽകിയിട്ടില്ല. മരുന്ന് ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. 5,47,824 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് ആകെ | 2,34,000 | നെൽകൃഷി ഉൽപാദക ബോണസ് | 2,34,000 | 0 |
| | 786000 | നെൽകൃഷി വികസന പദ്ധതി | 786000 | 0 |
| | 1,75,000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 1,75,000 | 0 |
| | 649666 | ലൈഫ് പദ്ധതി ജനറൽ | 649666 | - |
| | 3275982 | ലൈഫ് പദ്ധതി – എസ്.സി | 3275982 | - |
| | 5,00,000 | ബഡ്സ് സ്ക്കൂൾ പുനരുദ്ധാരണം | 5,00,000 | |
| ജില്ലാ പഞ്ചായത്ത് | 1493890 | ലൈഫ് പദ്ധതി ജനറൽ | 1493890 | - |
| | 1692600 | ലൈഫ് പദ്ധതി – എസ്.സി | 1692600 | - |
| | 346500 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 342000 | 4500 |
| ആകെ | 9153638 | | 9149138 | 4500 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് വർക്കിന് തുക നൽകിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരം. (KSEB, KWA, GWD ഉൾപ്പെടെ)

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ/ ബിൽ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KSEB | വിവിധ വാർഡുകളിലെ ഇലക്ട്രിക് പോസ്റ്റ് സ്ഥാപിക്കൽ | 21600545/ 08.10.18 | 3,00,000 | 3,00,000 | -- | NIL |
| KSEB | വിവിധ അംഗനവാടികളുടെ വൈദ്യുതീകരണം | ചെക്ക് നം. 13614/ 14.03.19 | 1,00,000 | 35402 | ഭാഗികം | 64598 |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് (ഉണ്ടെങ്കിൽ)

ഇല്ല.

# 4-4 വായ്പ/വായ്പ തിരിച്ചടവ്

2018-19 വർഷത്തിൽ ഗ്രാമപഞ്ചായത്തിന് കെ.യു.ആർ.ഡി.എഫ്.സി വഴി വായ്പ ലഭ്യമാക്കിയിട്ടുണ്ട്. വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നമ്പർ,തിയ്യതി | വായ്പതുക | തൻവർഷാരംഭം തിരിച്ചടക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് മുതൽ , പലിശ | | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|---|
| 1 | ഷോപ്പിംഗ് കോംപ്ലക്സ്,ഓഡിറ്റോറിയം | KURDFC/GP/339/15 തിയതി 02.11.17 | 2187095 | - | 0 | 113249 | | 2187095 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതിനമ്പർ/ തിയ്യതി |
|---|---|---|---|---|
| 1977-98 | 8(a) | 473 | സെക്രട്ടറി | 118008-001,002 |
| 1977-78 | 38(1),(2) | 177 | സെക്രട്ടറി | 118008-0003 |
| 1981-82 | 9(c) | 168 | സെക്രട്ടറി | 118008-0005 |
| 1981-82 | 9(d-2) | 270 | സെക്രട്ടറി | 118008-0006 |
| 1981-82 | 26 | 275 | സെക്രട്ടറി | 118008-0007 |
| 1982-83 | 8(a) | 123 | സെക്രട്ടറി | 118008-0008 |
| 1982-83 | 8(b) | 406 | സെക്രട്ടറി | 118008-0009 |
| 1982-83 | 9(b) | 92 | സെക്രട്ടറി | 118008-0010 |
| 1982-83 | 20 | 65 | സെക്രട്ടറി | 118008-0011 |
| 1983-84 | 8 | 341,11 | സെക്രട്ടറി | 118008-0012,0013 |
| 1983-84 | 9 | 127,4 | സെക്രട്ടറി | 118008-0014,0015 |
| 1983-84 | 11 | 20,1 | സെക്രട്ടറി | 118008-0016,0017 |
| 1983-84 | 13 | 292,9 | സെക്രട്ടറി | 118008-0018,0019 |
| 1983-84 | 15 | 22 | സെക്രട്ടറി | 118008-0020 |
| 1983-84 | 17 | 20 | സെക്രട്ടറി | 118008-0021 |

| | | | | |
|---|---|---|---|---|
| 1983-84 | 23 | 21 | സെക്രട്ടറി | 118008-0022 |
| 1983-84 | 31 | 265 | സെക്രട്ടറി | 118008-0023 |
| 1983-84 | 33-2 | 15 | സെക്രട്ടറി | 118008-0024 |
| 1983-84 | 40 | 270 | സെക്രട്ടറി | 118008-0025 |
| 1984-85 | 14 | 3 | സെക്രട്ടറി | 118008-0026 |
| 1984-85 | 22 | 51 | സെക്രട്ടറി | 118008-0027 |
| 1984-85 | 24 | 15 | സെക്രട്ടറി | 118008-0028 |
| 1984-85 | 27 | 300 | സെക്രട്ടറി | 118008-0029 |
| 1984-85 | 39 | 30 | സെക്രട്ടറി | 118008-0030 |
| 1984-85 | 35 | 96 | സെക്രട്ടറി | 118008-0031 |
| 1984-85 | 38 | 175 | സെക്രട്ടറി | 118008-0032 |
| 1986-87,1987-88 | 21 | 513 | സെക്രട്ടറി | 118008-0033 |
| 1986-87,1987-88 | 22 | 359 | സെക്രട്ടറി | 118008-0034 |
| 1988-89,1989-90 | 07-/01 | 433 | സെക്രട്ടറി | 118008-0035 |
| 1988-89,1989-90 | 8-a | 137,5 | സെക്രട്ടറി | 118008-0036,0037 |
| 1988-89,1989-90 | 8-b | 20 | സെക്രട്ടറി | 118008-0038 |
| 1988-89,1989-90 | 8-c | 96,3 | സെക്രട്ടറി | 118008-0039,0040 |
| 1988-89,1989-90 | 8-d | 98,3 | സെക്രട്ടറി | 118008-0041,0042 |
| 1988-89,1989-90 | 8-e | 33,1 | സെക്രട്ടറി | 118008-0043,0044 |
| 1988-89,1989-90 | 8-g | 39,2 | സെക്രട്ടറി | 118008-0045,0046 |

| | | | | |
|---|---|---|---|---|
| 1988-89,1989-90 | 8-jj | 124,3 | സെക്രട്ടറി | 118008-0048 |
| 1988-89,1989-90 | 8-i | 195,6 | സെക്രട്ടറി | 118008-0049,0050 |
| 1988-89,1989-90 | 9-a | 100 | സെക്രട്ടറി | 118008-0051 |
| 1988-89,1989-90 | 9-b | 75 | സെക്രട്ടറി | 118008-0052 |
| 1988-89,1989-90 | 9-c | 25 | സെക്രട്ടറി | 118008-0053 |
| 1988-89,1989-90 | 9-d | 25 | സെക്രട്ടറി | 118008-0054 |
| 1988-89,1989-90 | 9-h | 125 | സെക്രട്ടറി | 118008-0055 |
| 1988-89,1989-90 | 10 | 87 | സെക്രട്ടറി | 118008-0056 |
| 1988-89,1989-90 | 23 | 157 | സെക്രട്ടറി | 118008-0057 |
| 1988-89,1989-90 | 24 | 48 | സെക്രട്ടറി | 118008-0058 |
| 1988-89,1989-90 | 26 | 354 | സെക്രട്ടറി | 118008-0059 |
| 1988-89,1989-90 | 32 | 152 | സെക്രട്ടറി | 118008-0060 |
| 1990-91 | 14 | 19 | സെക്രട്ടറി | 118008-0061 |
| 1990-91 | 18 | 294 | സെക്രട്ടറി | 118008-0062 |
| ആകെ | | 7668 | | |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2010-11 | 4.1.13 | 2014-15 | 2010-11 വർഷം 20243രൂപ ചെലവഴിച്ച് വാങ്ങിയ പവർ ടില്ലർ റീപ്പർ എന്നിവ സ്വകാര്യ വ്യക്തിയുടെ പുരയിടത്തിൽ ഉപേക്ഷിച്ച നിലയിൽ | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

# 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ വ്യക്തി | സർ ചാർജ്ജ് സർട്ടിഫിക്കറ്റ് | | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| | | | | നമ്പറും തിയതിയും | തുക | |
| 1 | 2005-06 | 2-2 | വാസു കൊല്ലത്തേരി | LF.8591/Spl.Cell/SC.D1/2012 dated 25-02-15 | 8236 | തടസ്സം തുടരുന്നു. |

# 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 113223812 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 108097064 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 89512 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 902811 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 14250 | ശ്രീ.കെ.രവീന്ദ്രൻ,സെക്രട്ടറി |
| 3-4 | | 2335 | ശ്രീ.കെ.രവീന്ദ്രൻ,സെക്രട്ടറി |
| 3-12 | | 47719 | ശ്രീ.സന്തോഷ് കുമാർ.എം.കെ,അസിസ്റ്റന്റ് എഞ്ചിനീയർ |
| | | | |

| | | | |
|---|---|---|---|
| 3-13 | | 25208 | ശ്രീ.സന്തോഷ് കുമാർ.എം.കെ,അസിസ്റ്റന്റ് എഞ്ചിനീയർ |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 155237 | ശ്രീ.കെ.രവീന്ദ്രൻ,സെക്രട്ടറി |
| 3-3 | 190000 | ശ്രീ.കെ.രവീന്ദ്രൻ,സെക്രട്ടറി |
| 3-6 | 9850 | ശ്രീമതി.ബിന്ദുമോൾ,ഹെഡ്മിസ്ട്രസ് |
| 3-9 | 200000 | ശ്രീ.കെ.രവീന്ദ്രൻ,സെക്രട്ടറി |
| 3-17 | 547824 | ശ്രീമതി.മിർഫത്ത് ഇബ്രാഹിം,<br>മെഡിക്കൽ ഓഫീസർ പി.എച്ച്.സി |
| ആകെ | 1102911 | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**<u>(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.കെ.രവീന്ദ്രൻ,സെക്രട്ടറി | റിട്ടയർ ചെയ്തു | കളരിക്കൽ ഹൗസ്,പള്ളപ്രം,പൊന്നാനി679577 |
| ശ്രീ.സന്തോഷ് കുമാർ എം.കെ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, വട്ടംകുളം ഗ്രാമ പഞ്ചായത്ത് | മുണ്ടൻവേലി ഹൗസ്,കൊരട്ടി പി.ഒ തൃശ്ശൂർ 680308 |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ക്ര.ന | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1 | 1972-73 | എൽ.എഫ്.എം6/392/95 / 18-2-95 | 6 |
| 2 | 1974-75 | എൽ.എഫ്.എം6/393/95 / 18-2-95 | 8 |
| 3 | 1976-77 | എൽ.എഫ്.എം6/394/95 / 18-2-95 | 3 |
| 4 | 1977-78 | എൽ.എഫ്.എം6/395/95 / 18-2-95 | 17 |
| 5 | 1979-80 | എൽ.എഫ്.എം6/396/95 / 18-2-95 | 6 |

| | | | |
|---|---|---|---|
| 6 | 1980-81 | എൽ.എഫ്.എം6/397/95 / 18-2-95 | 3 |
| 7 | 1981-82 | എൽ.എഫ്.എം6/398/95 / 18-2-95 | 7 |
| 8 | 1982-83 | എൽ.എഫ്.എം6/399/95 / 18-2-95 | 8 |
| 9 | 1983-84 | എൽ.എഫ്.എം6/400/95 / 18-2-95 | 21 |
| 10 | 1984-85 | എൽ.എഫ്.എം6/402/95 / 18-2-95 | 16 |
| 11 | 1986-87,87-88 | എൽ.എഫ്.എം6/403/95 / 18-2-95 | 9 |
| 12 | 1988-89,89-90 | എൽ.എഫ്.എം6/573/95 / 01-5-95 | 10 |
| 13 | 1990-91 | എൽ.എഫ്.എം6/661/95 / 18-2-95 | 12 |
| 14 | 1991-92 | എൽ.എഫ്.എം6/555/95 / 13-8-96 | 12 |
| 15 | 1996-97 | എൽ.എഫ്.എം14/558/95 / 13-12-98 | 31 |
| 16 | 1997-98 | എൽ.എഫ്.എം12/696/99 / 14-6-02 | 8 |
| 17 | 1998-99 (ചെലവ്) | എൽ.എഫ്.എം6/188/06 / 15-7-06 | 21 |
| 18 | 1999-00 | എൽ.എഫ്.എം6/189/06 / 15-7-06 | 4 |
| 19 | 2002-03 | എൽ.എഫ്.എം7/495/07 / 29-9-07 | 10 |
| 20 | 2003-04 | എൽ.എഫ്.എം6/30/09 / 18-4-09 | 13 |
| 21 | 2004-05 | എൽ.എഫ്.എം6/31/09 / 18-4-09 | 12 |
| 22 | 2005-06 | എൽ.എഫ്.എം6/630/10 / 27-10-10 | 20 |
| 23 | 2006-07 | എൽ.എഫ്.എം6/631/10/30-10-10 | 19 |
| 24 | 2007-08 | എൽ.എഫ്.എം17/564/11 / 27-2-12 | 23 |
| 25 | 2008-09 | എൽ.എഫ്.എം17/565/11 / 13-2-12 | 11 |
| 26 | 2009-10 | എൽ.എഫ്.എം17/566/11 / 15-6-11 | 30 |
| 27 | 2010-11 | എൽ.എഫ്.എം17/1727/13 / 17-3-14 | 20 |
| 28 | 2011-12 , 2012-13 | എൽ.എഫ്.എം17/374/15/ 10.04.15 / 18/04/15 | 20 |
| 29 | 2013-14,14-15 | കെ.എസ്.എ.എം.പി.എം17/2100/2016, 30.8.2016 | 18 |
| 30 | 2015-16 | കെ.എസ്.എ.എം.പി.എം17/20/2017, 06.02.17 | 22 |
| 31 | 2016-17 | കെ.എസ്.എ.എം.പി.എം10/127/19 തീയതി 03-03-2017 | 26 |
| 32 | 2017-18 | കെ.എസ്.എ.എം.പി.എം.10/418/2019 തീയതി 25.03.19 | 22 |

# <u>അനുബന്ധം 1</u> <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

കെ.എസ്.എ.എം.പി.എം.10/1836/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
ഇ-മെയിൽ: dompm.ksad@kerala.gov.in
പിൻ- 676 505 ഫോൺ: 0483-2734951
തീയ്യതി: 18.07.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215(6) വകുപ്പ്, 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ) 1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മലപ്പുറം ജില്ലയിലെ **വട്ടംകുളം ഗ്രാമപഞ്ചായത്തിന്റെ** 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ 2018-19 ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്